

SFI ചാല ഏരിയ കമ്മിറ്റി

# അതിജീവനത്തിന്റെ അക്ഷരങ്ങൾ

ചീഫ് എഡിറ്റർ
**മിഥുൻ ഷാജി എസ്**

എഡിറ്റർ
**അനന്തു എസ്**

എഡിറ്റോറിയൽ ബോർഡ്
**ശരത്**
**ഫഹദ്**
**ശ്രീകൃഷ്ണ**
**അരുൺ എ എസ്**
**സൂരജ്**
**ആര്യ സുരേഷ്**

ഡിസൈനിങ്
**ഉമാദത്തൻ എസ്**




# അതിജീവനത്തിന്റെ അക്ഷരം

കോവിഡ് ലോകത്താകമാനം ആഞ്ഞു വീശുമ്പോൾ.കോവിഡിനെ നേരിടുന്നതിൽ ലോകത്തിനു തന്നെ മാതൃകയാകുകയാണ് കേരളം. നിപ്പയും, പ്രളയവും, കോവിഡും നമ്മുടെ നാടിനെ പിടിച്ചുലച്ചപ്പോഴും കേരളത്തിന്റെ സാമൂഹ്യ സുരക്ഷ സംവിധാനവും,പൊതു ആരോഗ്യ മേഖലയും ലോകത്തിനു വഴികാട്ടുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിഞ്ഞത്.

പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളം കോവിഡ് എന്ന മഹാമാരിയെ അതിജീവിച്ച് മുന്നേറുമ്പോഴും ലോകത്തിനു മാതൃകയാകുമ്പോഴും, പകർച്ചവ്യാധിയെ പോലും തടുക്കാനാവാതെ ഒരുകാലത്ത് പകച്ചു നിന്നിരുന്ന ഇന്നത്തെ പ്രതിപക്ഷം വെറും വിലകുറഞ്ഞ രാഷ്ട്രീയം കളിച്ചു കൊണ്ടു കേരളത്തിന്റെ ഈ നേട്ടത്തിന് മുന്നിൽ പ്രഹസനങ്ങളുടെ പെരുമഴ പെയ്യിക്കുന്ന ലജ്ജാവഹമായ കാഴ്ച മൂക്കിൽ കൈ വച്ച് കൊണ്ട് വീക്ഷിക്കുകയാണ് ലോക മലയാളികൾ.ദുഷ്ടലാക്കോടെ ആരൊക്കെ പ്രവർത്തിച്ചാലും നന്മ നിറഞ്ഞവരുടെ നാടാണ് കേരളം അത് കൊണ്ട് തന്നെ ഇതും നമ്മൾ അതിജീവിക്കുക തന്നെ ചെയ്യും.

അകന്നിരുന്നു കൊണ്ട് അട്ടപ്പം ഊട്ടി ഉറപ്പിച്ചും അക്ഷരം കൂട്ടി യോജിപ്പിച്ചും തൂലിക പടവാളാക്കി പൊരുതിയ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ചാല ഏരിയ കമ്മിറ്റി "അതിജീവനത്തിന്റെ അക്ഷരങ്ങൾ"എന്ന പേരിൽ പുറത്തിറക്കുന്ന ഇ-മാഗസിന് ആശംസകൾ



**എസ്.എ.സുന്ദർ**
(സിപിഐ(എം)ചാല ഏരിയ സെക്രട്ടറി)

അതിജീവനത്തിന്റെ
അക്ഷരം

## സന്ദേശം

മനുഷ്യരാശി നേരിടുന്ന കോവിഡ്- 19 എന്ന മഹാമാരിയെ ശാസ്ത്രീയമായി പരാജയപ്പെടുത്തുക എന്നുള്ളത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്, കേരളമാതൃക അതിനു സഹായകരമാണ് അതിജീവനത്തിന്റെ ഈ കാലഘട്ടത്തിൽ തെരുവിൽ കഴിയുന്ന നിരാലംബരായവർക്ക് ആഹാരം എത്തിച്ച് നൽകിയതുൾപ്പെടെയുള്ള മാതൃകാപരമായ പല കാര്യങ്ങളും എസ്എഫ്ഐ ചാല ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചെയ്തിട്ടുള്ളത് അഭിനന്ദനാർഹമാണ് എല്ലാവർക്കും പ്രയോജനപ്പെടുത്താൻ കഴിയുന്ന രൂപത്തിൽ എസ്എഫ്ഐ ചാല ഏരിയ കമ്മിറ്റി രൂപപ്പെടുത്തുന്ന അതിജീവനത്തിന്റെ അക്ഷരങ്ങൾ എന്ന ഓൺലൈൻ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു...

അഭിവാദനങ്ങളോടെ....

എസ് സലിം

(സിപിഐഎം ചാല ഏരിയ സെന്റർ അംഗം,

പ്രസിഡന്റ് മുട്ടത്തറ സർവീസ് സഹകരണ ബാങ്ക്)



അതിജീവനത്തിന്റെ
അക്ഷരം



## സന്ദേശം

നഷ്ടപ്പെടലിന്റെയും ഒറ്റപെടലിന്റെയും കാലമാകേണ്ടിയിരുന്ന ലോക്ക് ഡൗൺ കാലത്തെ സർഗ്ഗാത്മകത കൊണ്ട് അതിജീവിച്ച ചരിത്രമാകും നാളത്തെ തലമുറയോട് നമുക്ക് പറയാനുണ്ടാവുക. 'അതിജീവനത്തിന്റെ അക്ഷരങ്ങൾ ' എന്ന ചാല ഏരിയ കമ്മിറ്റിയുടെ ഓൺലൈൻ മാസിക സമരത്തിലൂടെ മുന്നേറുന്ന വിദ്യാർത്ഥികളുടെ പ്രതിരോധത്തിന്റെ ഭാഗം കൂടിയാണ്. കോവിഡ് കാലത്തും നമ്മുടെ സാംസ്കാരിക രാഷ്ട്രീയ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടു പോകുന്നതിൽ അഭിമാനമുണ്ട്. അക്ഷരങ്ങൾ പ്രതിസന്ധി കാലത്തിൽ നിന്നു മുന്നേറാനുള്ള ഉപാധിയാണ്. വിദ്യാർത്ഥി സമൂഹം പുതിയൊരു സാംസ്കാരിക രൂപം ഓൺലൈൻ രംഗത്തിലൂടെ രൂപപ്പെടിത്തിയിട്ടുണ്ട്. വായന ഈ കാലയളവിൽ ഓൺലൈനിലേക്ക് മാറിയിട്ടുണ്ട്. സ്വന്തം മൊബൈലുകൾ പുസ്തകശാലകളായ ഈ കാലത്ത് ഓൺലൈൻ മാഗസീനിന് കൂടുതൽ വായനക്കാരിലേക്ക് എത്താൻ സാധിക്കട്ടെ....

റിയാസ് വഹാബ്
(SFI ജില്ലാ സെക്രട്ടറി)



## സന്ദേശം

നമുക്കുചുറ്റും കോവിഡ്-19 എന്ന മഹാമാരി സകല സീമകളും ലംഘിച്ച് മുന്നോട്ടു പോകുമ്പോൾ അതിനെ ഒറ്റക്കെട്ടായി പ്രതിരോധിക്കുകയാണ് നാമെല്ലാവരും. അകന്നിരുന്നു കൊണ്ട് അടുപ്പം പങ്കുവയ്ക്കേണ്ടുന്ന ഈ കാലത്ത് വിദ്യാർത്ഥികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കുവാൻ അക്ഷരങ്ങളെ കൂട്ടിയോജിപ്പിച്ച് മുന്നോട്ടു പോകുന്ന പ്രവർത്തനം അഭിമാനകരമാണ്. കാലം മുന്നോട്ടു നീങ്ങുമ്പോൾ പിന്തിരിഞ്ഞു നോക്കുമ്പോൾ നിങ്ങളുടെ സ്മൃതി പദങ്ങളിൽ ലോകം മാതൃകയാകുന്ന ഒരുമയുടെ പ്രതിരോധത്തിന്റെ നാളുകൾ ഓർമ്മയിൽ നിറയ്ക്കുവാൻ എസ്എഫ്ഐ ചാല ഏരിയ കമ്മിറ്റി പ്രസിദ്ധീകരിക്കുന്ന "അതിജീവനത്തിന്റെ അക്ഷരങ്ങൾ" എന്ന ഇ-മാഗസിന് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.....

അഭിജിത്ത് ജെ ജെ
(SFI ജില്ലാ പ്രസിഡന്റ്)

# ഉള്ളടക്കം

കവിതകൾ

കഥകൾ

ലേഖനങ്ങൾ

ചിത്രങ്ങൾ



SFI ചാല ഏരിയ കമ്മിറ്റി

# അതിജീവനം

!! തോരാതെ പെയ്തന്നു പേമാരിയും
കരകവിഞ്ഞൊഴുകീ പുഴകൾ,
-ഗർജിച്ചു
വിഴുങ്ങീ പുരകളും, പാടവും, പറമ്പും
ഗർജനമതു കേട്ടു നടുങ്ങീ നാട്ടാരും
മതമില്ലവർക്കപ്പോ,നിറമില്ലവർക്ക
പ്പോ
അടിത്തട്ടും,മേൽത്തട്ടുമൊരു പോൽ
നടുങ്ങീ
രാക്ഷസീ രൂപംവരിച്ചന്നു ജലദേവി
വിഴുങ്ങീ അനേകം ജീവനേയും
-അന്നപ്പോൾ ഒന്നിച്ചു പാകിയ
-അതിജീവനത്തിൻ വിത്തു മുളച്ചു
...വേരുകൾ ആഴത്തിലാണ്ടു

!! തോരാതെ പെയ്യുന്നിന്നു മഹാമാരിയും
ചില്ലുകൂട്ടിൽ കിടന്നു മല്ലിടുന്നു സോദരർ
-തൂവെള്ളക്കോട്ടും സ്തെതസ്കോപ്പുമായ്
,ജീവിതം നാടിനർപ്പിച്ചു ധീരരും
,തിന്നുംകുടിച്ചും ബാൽക്കണി ജീവിതങ്ങളും
,ഒപ്പമുണ്ണാണ്ടുറങ്ങാണ്ടു കാക്കിക്കാവലും
വിശപ്പുമായ് മല്ലിട്ടു ദരിദ്ര വിഭാഗവും
,ടീച്ചറും മുഖ്യനും മുന്നിൽ നടക്കുന്നു
-പിന്നിൽ നടക്കുന്നു നാം,അതിജീവനത്തിൻ
വേരുകൾ വീണ്ടും ആഴത്തിലാഴ്ത്താൻ
ഒടുവിലതിജീവനത്താൽ വരട്ടെ വസന്തവും



**ഐറിൻ ബി ഉസ്മാൻ**
GHMCT

അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി

# മുള്ളിനോട്

മറ്റുള്ളവർക്ക്
വെറുപ്പായിരുന്നെങ്കിലും

എനിക്ക്
നിന്നോടെന്നും
ഒടുങ്ങാത്ത
പ്രണയമായിരുന്നു



ചുറ്റുമുള്ളവർ
,എന്നെ പ്രണയിച്ചപ്പോൾ
ഞാൻ പ്രണയിച്ചത്
നിന്നെയായിരുന്നു

കാഴ്ചയിൽ ഒട്ടും
,ഭംഗിയില്ലാത്ത

ഉൾക്കാഴ്ചയിൽ
,ഉയിരിന്റെ ഭംഗിയുള്ള

,മരണം വരെ
എന്നെ
ചേർത്ത് പിടിച്ച
...നിന്നെ

!!! നിന്നെ മാത്രം


**ജിതിൻ എസ്**
**കൊല്ലം**

അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി

# ഒറ്റശാഖാ വൃക്ഷം

ഒറ്റശാഖാ വൃക്ഷം
ഉമ്മറപ്പടിയിലിരുന്നു വിദൂരതയിലേക്ക്
കണ്ണോടിച്ചപ്പോൾ അങ്ങ് അകലെ
വളരെ അകലെ എത്രയോ
വൃക്ഷങ്ങൾക്കിടയിൽ ഒറ്റ
.ശിഖരമുള്ളൊരു വൃക്ഷമുണ്ടായിരുന്നു
മൂന്ന് ഇലകളും മൂന്ന് പൂക്കളും മാത്രം
അവശേഷിക്കുന്ന ഒരു വൃക്ഷം.ശിഖരം
. ഓരോ വേരുകളെയും പ്രണയിക്കുന്നു
ഓരോ ഇലകളും ഓരോ പൂക്കളെ
പ്രണയിക്കുന്നു . നാളെ കൊഴിഞ്ഞു പോകും എന്റെ
പ്രിയതമൻ എന്ന് ഉരുവിട്ട് ഓരോ പൂക്കളും
. നീറി നീറി ജീവിക്കുന്നു
വേര് ദൈനം ദിനം ദാനമായി
നൽകുന്ന ജലം തന്റെ പ്രിയതമയുടെ അഴകിനായി
ദാനം ചെയ്യുന്നു
ഇല കൊഴിഞ്ഞു ഏതോ ധ്രുവത്തിൽ
ചാമ്പലാകുമെന്നറിഞ്ഞിട്ടും
സ്വന്തമാക്കാൻ കഴിയില്ല എന്നറിഞ്ഞിട്ടും
അവസാനം ദാനം കിട്ടിയ നീരും
ആ ഇല തന്റെ പൂവിനു നൽകി
യാത്രയായി
ഒരിക്കലും മടങ്ങി വരാത്ത യാത്ര



**ബൽറാം വി**
തിരു. ആയുർവേദ കോളേജ്

അതിജീവനത്തിന്റെ
അക്ഷരം

# വ്രണം

എന്റെ വിരലിനെ വ്രണപ്പെടുത്തി
നീ അറുത്തു മാറ്റിയത്
നിന്നെത്തന്നെയായിരുന്നു
ഞാനുമായൊരു നൂൽബന്ധം പോലും
അവശേഷിപ്പിക്കാതെ
വിട പറയാൻ വിതുമ്പലോടെ നിന്നപ്പോഴും
,അഴലിന്റെ ഒരു നിഴലും നിന്നിൽ പതിച്ചില്ല
ഇരുളിലേക്കു ഞാൻ നടന്നുനീങ്ങുമ്പോഴും
,ഒരു ഭയവും നിന്നെ പുണർന്നില്ല
പിന്നാലെ വന്നൊരു വിളിക്കായ്
,കാതോർത്തു
ഒരു വിരലകലെ നീ ഉണ്ടായിട്ടും
.എന്റെ വിളി നീ കേട്ടില്ല
ഒടുവിൽ ഒരു നേരിയ വെളിച്ചത്തിൽ
, നിന്റെ വദനം ഞാൻ കണ്ടു
അവസാനമായി
ആ വെളിച്ചമാണിന്നെന്റെയുള്ളിൽ
എരിയുന്ന തീ
,ഇനി നമ്മൾ ഇല്ല
നീയെന്റെ നീറുന്ന ഓർമയും
ഞാനതിന്റെ കാവൽക്കാരിയും



**വിപിൻ KS**
പെരുന്താന്നി

അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി

# അമ്മ

നിന്നുദരമെനിക്കൊരു കളിവീട്
ആദ്യം ഞാൻ കാലിട്ടടിച്ചതും നിന്നിലേ
നിൻ കണ്ണൻ കണ്ണായതും
-ലോകമാം നേരിനെയാദ്യം
...ഞാനറിഞ്ഞതും നിന്നിലൂടവേ
നിൻ ജ്ഞാനമെന്നിൽ ലയിച്ചതും
എനിക്കായ് പ്രാണവേദനിച്ചതും
-ആദ്യമെൻ നാവിൽ വിരിഞ്ഞ
!..."വാക്കും നീ "അമ്മ"

**ആർച്ച ബി**
**വെള്ളായണി**



SFI ചാല ഏരിയ കമ്മിറ്റി

# ആത്മാവ്



തളിരായ് ഉദരത്തിൽ
നാമ്പെടുത്തപ്പോഴെന്നൊപ്പം
ചേർന്നു
ഉദരം വിട്ടീ മാറോടണഞ്ഞപ്പോഴൊ
യെൻ കൂടെ വളർന്നു
പാഠാലയത്തിൽ നിറഞ്ഞൊരാ
ശൂന്യവേളകളിലെൻ
ശരീരത്തെ വിട്ടെങ്ങോ
സഞ്ചരിച്ചെന്നിൽ തിരിച്ചത്തിതളിരായ
ഉദരത്തിൽ നാമ്പെടുത്തപ്പോഴെന്നൊപ്പം
ചേർന്നു
ഉദരം വിട്ടീ മാറോടണഞ്ഞപ്പോഴൊ
യെൻ കൂടെ വളർന്നു
പാഠാലയത്തിൽ നിറഞ്ഞൊരാ
ശൂന്യവേളകളിലെൻ
ശരീരത്തെ വിട്ടെങ്ങോ
സഞ്ചരിച്ചെന്നിൽ തിരിച്ചത്തി



അന്ധതനിറഞ്ഞൊരീ
ഭാവിതൻ അഴകളിൽ
നിന്നൊരുനാളെൻ
ശരീരം അഗ്നിയിൽ
അമരുമ്പോൾ
എന്നിൽ നിന്നകന്നു
വാനോടലിയേണ്ടയെൻ
പ്രിയസുഹൃത്
അന്ധതനിറഞ്ഞൊരീ
ഭാവിതൻ അഴകളിൽ
നിന്നൊരുനാളെൻ
ശരീരം അഗ്നിയിൽ
അമരുമ്പോൾ
എന്നിൽ നിന്നകന്നു
വാനോടലിയേണ്ടയെൻ
!പ്രിയസുഹൃത്ത്!ത്

*അതിജീവനത്തിന്റെ അക്ഷരം*

**ആർച്ച ബി**
**വെള്ളായണി**

# കൊച്ചുപറുദീസ

ആദ്യാനുരാഗത്തിൻ വേരും തേടിയെത്തീ യാദ്യാക്ഷരം നുകർന്നാ കൊച്ചു
പറുദീസയിൽ പവിഴമുത്തു കണക്കേ നെഞ്ചോടു ചേർത്താൽ
മഞ്ചാടിക്കുരുക്കളും പെറുക്കിയായിടവേളകൾ

ഓടിക്കളിച്ചും.....ഒളിച്ചുകളിച്ചും
പാദം പതിപ്പിച്ചയാ പൊന്നങ്കണവും
നീർത്താൻ മടിച്ചന്നു പുള്ളിക്കുടകൾ തുള്ളിച്ചാടീയന്നു തുള്ളിമഴയത്തും

ഉണങ്ങിക്കരിഞ്ഞയെൻ പ്രണയത്തിൻ
വേരു പിഴുതുറക്കെപ്പറഞ്ഞു ഞാൻ
നിന്നെക്കാൾ പ്രിയ മിന്നെനിക്കെന്റെ
...കൊച്ചു പറുദീസേലെ കളിക്കൂട്ടരാണ്

മധുരിക്കുമോർമകളിൽ മുഴുകിയാ രാവിൽ തുടിച്ചെൻമനമൊരുവേള
പിറകോട്ടുപായാൻ




ഐറിൻ ബി ഉസ്ലാൻ
GHMCT

SFI ചാല ഏരിയ കമ്മിറ്റി

# സൗഹൃദം

ഇവിടെ ഞാനില്ല ഞങ്ങളുണ്ട്
നാം ഒറ്റക്കല്ല ഒറ്റക്കെട്ടാണ്
ഈ കരങ്ങൾ കോർക്കുന്നു നാം
തോളോട് തോൾ ചേർന്ന്
നിൽക്കുന്നു ചങ്ങാതിമാർ
സൗഹൃദം എന്നുമോരു സുന്ദരാനുഭവം
ഇരുഹൃദയം ഇഴചേർന്നോരനുഭവം
ചേർന്നിരിക്കാമെന്നും ഇതുപോലെ ഒന്നായി



**കൃഷ്ണകൃപ**
(നാഷണൽ കോളേജ്)

*അതിജീവനത്തിന്റെ അക്ഷരം*

# ബോട്ടിൽഡ് പൊയട്രി

ഇരുട്ടിൽ കൈ തടഞ്ഞ പേന കൊണ്ടയാൾ കടലാസ്സിൽ എഴുത്ത്
തുടങ്ങി. കടലാസ്സും കടന്ന് അയാളുടെ എഴുത്ത് മേശയിലേക്ക്
,പടർന്നു
ആ ഇരുട്ടിൽ അയാളത് അറിഞ്ഞതേയില്ല. മഷി തീർന്നപ്പോൾ
.എഴുത്ത് നിർത്തി ഒരു സിഗരറ്റ് ചുണ്ടിൽ വച്ച് കത്തിച്ചു
.മഷിക്കുപ്പി തിരഞ്ഞപ്പോൾ കയ്യിൽ തടഞ്ഞത് മദ്യകുപ്പി
.പേനയിൽ മദ്യം നിറച്ചയാൾ എഴുത്ത് തുടർന്നു
സിഗരറ്റ് ചാരം മേശയിലും, പേപ്പറിലും പെരുവിരൽ
.വണ്ണത്തിൽ പെറ്റുപെരുകി
മദ്യം കൊണ്ടെഴുതിയ വാക്കുകളിലൊന്നിനെ ചെറുകനൽ
.ചുംബിച്ചു
ആ പ്രകാശത്തിൽ മേശയിലെഴുതിയ അവസാന വരി
;അയാൾ വായിച്ചു
എനിക്ക് കണ്ണുകളുണ്ടായിരുന്നുവെങ്കിൽ ഈ അന്ധകാരം ഞാൻ"
.ചുട്ടെരിച്ചേനെ

**അരവിന്ദ് ചന്ദ്രൻ**
**(കാക്കാമൂല)**

*അതിജീവനത്തിന്റെ*
*അക്ഷരം*

SFI ചാല ഏരിയ കമ്മിറ്റി

# ദൈവത്തെ കണ്ടവരുണ്ടോ..?

സന്ധ്യാനേരത്ത് ഉച്ചഭാഷിണി പാടുന്ന, ഭക്തിഗാനം കേൾക്കാൻ ഇഷ്ടമാണെനിക്ക്
പാട്ട് നിലച്ചതോടെ ദൈവത്തെ തേടി
വീട് വിട്ടൊരു യാത്രക്കൊരുങ്ങി ഞാൻ

വിജനമായ്ത്തീർന്നൊരു അമ്പലമെത്തുമ്പോൾ, കയറാൽ ബന്ധിതമാണ് അവിടമെല്ലാം
കാണിക്കവഞ്ചിക്കരികിൽ വെള്ളവും സോപ്പും, അറിയിപ്പ് ഇങ്ങനെ, "കൈ കഴുകുന്ന
"ഇടം

തിരിഞ്ഞു നടക്കുമ്പോൾ പോലീസ് മാമൻ, വടിയുമായങ്ങനെ നിൽക്കയാണ്,
പുറത്തിറങ്ങിയതെന്തിനാ കൊച്ചേ, ദൈവത്തെത്തേടിയെന്നു ഞാൻ പറഞ്ഞു

കവലയിലെത്തുമ്പോൾ ലിനി സിസ്റ്റർ നിൽപ്പുണ്ട്, വാടിയ മുഖം, നീലിച്ച കണ്ണുകൾ,
പുറത്തിറങ്ങിയതെന്തിനാ കൊച്ചേ, ദൈവത്തെത്തേടിയെന്നു ഞാൻ പറഞ്ഞു

തപാലാപ്പീസ് പാതി തുറന്നിരുപ്പുണ്ട്
കത്തുണ്ടോ എന്ന് പതിവുപോൽ ആരാഞ്ഞു, മറുപടിയായൊരു പൊതി ലഭിച്ചു
അതുമായി ഞാനിനി വീട്ടിലിലേക്ക്

വാതിൽക്കൽ അമ്മ കാത്ത് നിൽപ്പാണ്, ദൈവത്തെ കണ്ടോ എന്നാണ് ചോദ്യം, മുഖം
താഴ്ത്തി ഞാനാ പൊതിയൊന്നു നോക്കി, അയച്ചതും, ലഭിച്ചതും, വിലാസമൊന്നാണ്

**പ്രിയങ്ക ബി**
കാഞ്ഞിരംപാറ തിരു.

അതിജീവനത്തിന്റെ
അക്ഷരം

# ഒരു തൂവൽ പൊഴിയവെ

ഇന്നും ആ മഴതൻ ഈണം കേൾക്കവെ
ഓടിയെത്തുന്നു എൻ മനസ്സിൽ ആ ഓർമ്മകൾ
ഇനിയെങ്കിലും പുഞ്ചിരിക്കാനാകുമോ
ആരോ പറഞ്ഞ വാക്കുകൾ അർദ്ധവിരാമങ്ങൾ



ഉറങ്ങാത്ത കണ്ണുകൾ തേടുന്നതരെയോ
അന്ധകാരത്തിൽ ആ മൗന മന്ത്രങ്ങൾ
പിരിഞ്ഞകന്നുപോയ ഉറ്റവർ ഉടയവർ
നൊമ്പരകടലിൽ തനിച്ചാക്കി മാഞ്ഞുപോയി

ഓർക്കുവാൻ വയ്യ ആ ഇരുൾ മൂടിയ ദിനരാത്രങ്ങൾ
നിഷ്കരുണം നിർഭയം ആർത്തുപെയ്ത മഴയിൽ
ജീവിതത്തിന്റെ വിധി ന്യായങ്ങളിൽ എവിടെയോ
പകച്ചു പോയ നിമിഷം

യാത്രചൊല്ലുവാൻ കാത്തു നിന്നില്ല ആരും
പാതി പെയ്തൊഴിയുമെന്ന് നിനച്ചൊരാമഴ
കൂടെ കൊണ്ടുപോയി ജീവനാളത്തെ
ഏകയായി നിന്നു ഞാൻ മൗനം പിറക്കുമീ വഴികളിൽ

**അപർണ്ണ പി കുമാർ**
(mar baselious college)

*അതിജീവനത്തിന്റെ അക്ഷരം*

# NATURE

I stared at my work and stared at the waterfall
The more i looked at it the angrier i became
The earlier sense of peace that surrounded me
Evaporated quickly just like a droplet on a sizzling hot griddle
I was filled with a sense of loss and teribble sadness
and i began to cry softly.



കൃഷ്ണകൃപ
(നാഷണൽ കോളേജ്)

SFI ചാല ഏരിയ കമ്മിറ്റി

# Oh My Poor Soul

When the dooms day come
i will hold her hand tightly.
And says that When the dooms day come
i will hold her hand tightly.
And says that there is a
man lived in the universe
just to see a happy smile
On your face.
That man is sitting in front
Of you begging for your love.
That love is denied by you
taking irrelevant problems
as escaping reasons from
that man.
Who is even dying for your love.
And again you say
inappropriate reasons to
escape from his true love.
Just for the sake of your family.



അനന്തകൃഷ്ണൻ എസ്.ആർ
(ആറ്റുകാൽ)

അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി

# NEW HOME

That cold room was too odd,
dark, empty and frightening.
I stared with a fixed glare,
left out, all alone and sad.

They all looked like me,
tired, old and trembling.
I saw something similar,
that deep sorrow in them.



I had memories to think of,
Beautiful worthy and joyful.
But then suddenly i stopped
puzzled, confused and broken.

We all terrible missed it,
home, family and kids.
We weren't old enough to,
Be in an OLD AGE HOMEld room was too odd,
dark, empty and frightening.

ആയിഷ ബക്കർ

അതിജീവനത്തിന്റെ
അക്ഷരം

# Losing Myself



I search for memories in my heart ,
In the bluemoon light ,Just as the dream awakened.

The sound of water drops trickling down in the leaves,
The sound of dark clouds flapping their wings,
Relentlessly my mind whirling in seething thoughts .

Everything is dark,Though the hush descended through the murk I hear the shrieks
in the haziness.

In this murkiness , In this obscurity, I can't perceive how far I have gone
in the murkiness ,I can't perceive how far I have fallen in the murkiness.

Pondering where has my mind gone, I realised I'm at peace until ,the agony
and the anguishing hurt devours every last bit of me.

Trying to find my way out of this wrecked grief,I sought solace in darkness

അതിജീവനത്തിന്റെ
അക്ഷരം

ഫാത്തിമ തൻസീഹ
(എറണാകുളം NUALS)

SFI ചാല ഏരിയ കമ്മിറ്റി

# ഒടുവിൽ നീ മടങ്ങുമ്പോൾ

തല കനിച്ചു നീ എന്റെ അടുത്തേക്ക് വരുമ്പോൾ, അന്ന് നീ എന്റെ പ്രണയാഭ്യർത്ഥനക്ക് ഉത്തരം തരാൻ വന്ന നിമിഷങ്ങൾ ഓർമിച്ചു പോയി. അന്ന് ഞാൻ നിന്നിൽ വീണു പോയ

,നുണക്കുഴി ചന്തംചാർത്തിയ ചിരി എങ്ങോട്ടോ മാഞ്ഞു പോയിരിക്കുന്നു. നിന്റെ കണ്ണുകൾ കരഞ്ഞു തളർന്നത് പോലെ

എന്റെ അരികിൽ എത്തിയതും നീ വല്ലാതെ കരയാൻ തുടങ്ങി

.

"

" .....എന്നോട് ക്ഷമിക്കണം, അന്ന് എല്ലാരും പറഞ്ഞപ്പോൾ "

.

.

..നീയും അത് വിശ്വസിച്ചു. നിന്നോട് ഞാൻ എല്ലാം പറഞ്ഞതല്ലേ, എന്റെ ഭൂതകാലം, എന്റെ പ്രശ്നങ്ങൾ, എല്ലാം

...ഇനി അതൊക്കെ പറഞ്ഞിട്ട് എന്താ കാര്യം

.എല്ലാം കഴിഞ്ഞു. നീ കരയാതിരിക്കു

.

"

( അവൾ പൊട്ടി കരഞ്ഞു കൊണ്ടേ ഇരുന്നു )

എനിക്ക് നീ ഇല്ലാതെ പറ്റുന്നില്ല "

*അതിജീവനത്തിന്റെ*
*അക്ഷരം*

ഇനി എന്തിനാ, നമ്മൾ ഒരുപാട് അകന്നു പോയി, പക്ഷെ ഞാൻ നമ്മളെ കുറിച്ച് ഇടക്കിടക്ക് ആലോചിക്കാറുണ്ട്

ഒരു പത്മരാജൻ നോവൽ  പ്രണയം, കണ്ണുകൾ കഥ പറഞ്ഞ നമ്മുടെ പ്രണയം. വിരൽ തൊടാൻ മടിച്ച ഞൊടികളിൽ

മിഴികളാൽ ചുംബിച്ചപ്പോളും. ഒറ്റ നോട്ടം കൊണ്ട് മനസ്സുകൾ  തമ്മിൽ ,

അറിഞ്ഞപ്പോളും, രതി സുഖത്തെക്കാൾ ഉയർന്ന ഒരു അനുഭൂതി എനിക്ക് തന്ന പ്രണയം. കാവ്യഭംഗിയാൽ നിറഞ്ഞ നമ്മുടെ പ്രണയം

.

.

.

"    ..എനിക്ക് ഉറങ്ങാൻ പോലും പറ്റുന്നില്ല, എനിക്ക് നീ മാത്രമേ"

( കണ്ണുനീരിൽ അവളുടെ വാക്കുകൾ മുറിഞ്ഞു പോയി )

.

.

.

(ഒരു ചെറു പുഞ്ചിരിയോടെ)

ഞാൻ മാത്രമേ ഉള്ളു അല്ലേ??, നിനക്ക് പറ്റിയ ഒരു അബദ്ധം, അതായിരുന്നില്ല എനിക്കുള്ള നിന്റെ വിശേഷണം. ശരിയാ

ഒരു രീതിയിലും ചേരാത്ത രണ്ടു മിശ്രിതങ്ങൾ ചേർന്ന പോലെ

മതവും ജീവിതസാഹചര്യങ്ങളും എല്ലാം വലവിരിച്ചപ്പോളും പിടികൊടുക്കാതെ അതിനൊക്കെ മുകളിലൂടെ നീന്തി നമ്മൾ

എന്നിട്ടും അവരുടെ കഥകൾ വിശ്വസിച്ചു എന്നെ നീ തള്ളി പറഞ്ഞു, അനാഥനായ എനിക്ക് നീ മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന് നീയും മറന്നു

മതി.. ,  ഇനി കരയണ്ട

*അതിജീവനത്തിന്റെ*
*അക്ഷരം*

( അവളുടെ കണ്ണുകൾ വറ്റിയിരുന്നു )

" ഞാൻ പോകുന്നു, നിന്നോട് എന്താ പറയേണ്ടത് എന്ന് എനിക്ക് അറിയില്ല, എന്റെ മനസ്സിൽ എന്നും നീ മാത്രം ആയിരിക്കും "

.

.

.

കണ്ണനീർ തുടച്ചു നീ എന്നെ നോക്കുമ്പോൾ ഉള്ളു പിടയുന്ന വേദന ഒരു പുഞ്ചിരിയാൽ ഞാൻ മറച്ചു കാരണം


.നിന്നെ ഒന്ന് ആശ്വസിപ്പിക്കാൻ പോലും എനിക്ക് കഴിയുന്നില്ല

.

.

.

ഒടുവിൽ നീ മടങ്ങുമ്പോൾ എന്റെ ഖബറിൽ നീ വച്ച ചുവന്ന പൂക്കളും ഞാനും വീണ്ടും ഏകനായ്



**അമൽ സകീർ**
(നാഷണൽ കോളേജ്)

അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി

# അമ്മ മനസ്സ്

പുലർച്ചെ 7 മണി ആയതും അലാറം ശബ്ദിച്ചു.പാതി ഉറക്കത്തിൽ
അവൾ അതിന്റെ മുകളിൽ തട്ടി അലാറം നിറുത്തി എന്നിട്ട് വീണ്ടും തന്റെ ഉറക്കത്തിലേയ്ക്ക് മടങ്ങി.
അപ്പോൾ അതാ ചായയുമായി വന്ന അമ്മയുടെ ശബ്ദം."അമ്മു എഴുന്നേൽക്ക് കോളേജിൽ പോകണ്ടെ നിനക്ക് സമയം വൈകി കേട്ടോ".
ഇത്രയും പറഞ്ഞ് അമ്മ അടുക്കളയിലെ ജോലികളിലേക് മടങ്ങി.അമ്മു പതിയെ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റു
അവൾ ചായയുമായി അവളുടെ അച്ഛന്റെ അടുത്തേക്ക് പോയി.ബിസിനസ്സ് കാരായ ശേഖറിന്റെയും ഭാര്യ ജാൻസിയുടെയും മകൾ ആണ് അമൃത എന്ന അമ്മു.അമ്മു ഒന്നാം വർഷ ബിരുദ വിദ്യാർത്ഥി ആണ്.ശേഖർ
സോഫയിൽ പത്രം വായന യിലായിരുന്നു.അമ്മു അച്ഛന്റെ കവിളിൽ ഒരു ഉമ്മ കൊടുത്തിട്ട് പറഞ്ഞു"ഗുഡ്മോർണിങ് ഡാഡി"
അയാൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു "ഗുഡ്മോർണിങ് മോളു".

അമ്മുവിന് അവളുടെ ഡാഡി എന്ന് പറഞ്ഞാൽ വല്യ അഭിമാനമാണ്.
അവൾ ചായ കുടിച്ച ശേഷം പുറത്ത് പോകാൻ ഒരുങ്ങി.ഇന്ന് അവൾ ഒരു പ്രോജക്റ്റിന്റെ ഭാഗമായി ഒരു വൃദ്ധമന്ദിരത്തിലേക്കാണ് പോകുന്നത്.
ഏകദേശം 10മണിയോടെ അവളും
കൂട്ടുകാരും വൃദ്ധമന്ദിരത്തിൽ എത്തി.
അവിടെ നൂറോളം അമ്മമാർ ഉണ്ടായിരുന്നു.സ്വന്തം മക്കളാൽ ഉപേക്ഷിക്കപ്പെട്ട കുറേ അമ്മ മനസ്സുകൾ.അവരെ എല്ലാം കണ്ടതും അമ്മുവിന് വളരെ അധികം സങ്കടമായി.
.അമ്മു അവർ എല്ലാരേം പരിചയപെട്ടു.അവരെ കണ്ടപ്പോ ആ അമ്മമാർക് ഉണ്ടായ സന്തോഷം പറഞ്ഞ് അറിയിക്കാൻ പറ്റാത്തതായിരുന്നു.

അതിജീവനത്തിന്റെ
അക്ഷരം

ആ കൂട്ടത്തിൽ ആണ് അവൾ ശാരദ എന്ന് പേരുള്ള ആ അമ്മയെ കണ്ടത്.എഴുപത് വയസ്സോളം പ്രായമുള്ള ആ അമ്മയോടഅവൾക് വല്ലാത്ത അടുപ്പം തോന്നി.അവൾ ആ അമ്മയുടെ അരികിൽ ഇരുന്നു. ആ അമ്മയുടെ കണ്ണു നിറയുന്നത് അവൾ കണ്ടുഅവൾ ആ അമ്മയോട് ചോദിച്ചു."എന്തിനാ അമ്മ കരയുന്നേ?".ആ അമ്മകണ്ണീർ തുടച്ചു കൊണ്ട് പറഞ്ഞു "എന്റെ കൊച്ചുമോൾക്ക് ഇപ്പോ മോൾടെ പ്രായം കാണും ഞാൻ അവളെഒരു വയസ്സ് ഉള്ളപ്പോ കണ്ടതാ പിന്നെ ഞാൻ അവളെ കണ്ടിട്ടില്ല.എന്റെ മകൻ എന്നെ ഉപേക്ഷിച്ചിട്ട് 18 വർഷംആയി.അവൻ വളർന്നപ്പോ ഞാൻ അവനും ഭാര്യക്കും ഒരു ബാധ്യത ആയി.അച്ഛൻ ഇല്ലാത്ത അവനെ ഞാൻ
കഷ്ടപെട്ട് പൊന്നുപോലെ നോക്കിയതാ മോളെ".ഇത്രയും പറഞ്ഞ് ആ അമ്മ പൊട്ടി കരഞ്ഞു. അമ്മുവിനും കരച്ചിൽ അടക്കാൻ ആയില്ല.ആ അമ്മ തലയിണയുടെ അടിയിൽ നിന്ന് ഒരു ഫോട്ടോ എടുത്ത്അവളെ കാണിച്ചു എന്നിട്ട് പറഞ്ഞു "ഇതാ എന്റെ മകനും കൊച്ചുമോളും.
അവൻ നല്ല സുന്ദരൻ ആയിരുന്നു".അമ്മു ആ ഫോട്ടോ കണ്ടതും ഒരു നിമിഷം നിശ്ചലമായി.
.താൻ ആരാധികുകയും,ബഹുമാനിക്കുകയും,അഭിമാത്തോടെയും പറയുന്ന അവളുടെ സ്വന്തം ഡാഡിയുടെ മുഖം.അവളുടെ സ്വന്തം അച്ഛമ്മ ആണ് മുന്നിൽ ഇരിക്കുന്നതെന്ന് അറിഞ്ഞപ്പോൾ അവൾ ഒരു നിമിഷം ഇല്ലാതായി.അവൾ പൊട്ടികരഞ്ഞു.
ആ അമ്മയെ കെട്ടിപിടിച്ചു കൊണ്ട് പറഞ്ഞു "ഞാനാണ് അമ്മയുടെ ആ കൊച്ചുമോൾ
, ശേഖറിന്റെ മകൾ അമൃത".
ഇത് കേട്ടതും ആ അമ്മക്കും കരച്ചിൽ അടക്കാനായില്ല.അവൾ ഉടനെ തന്നെ അച്ഛമയോട് പറഞ്ഞു."അമ്മ എന്റെ  കൂടെ വരണം അമ്മ താമസിക്കേണ്ടത് ഞങ്ങളുടെ കൂടെ ആണ്"

അതിജീവനത്തിന്റെ
അക്ഷരം

ആ അമ്മക്ക് സന്തോഷം കൊണ്ട് വാക്കുകൾ മറഞ്ഞിരുന്നു. അമ്മ അവിടെ എല്ലാവരോടും യാത്ര പറഞ്ഞ് അമ്മുവിന്റെ കൂടെ വീട്ടിലേക് പോയി.വീട്ടിലെത്തിയ അമ്മുവിന്റെ കൂടെ സ്വന്തം അമ്മയെ കണ്ട ശേഖർ സ്തംഭിച്ചു പോയി. അമ്മു തന്റെ ഡാഡിയുടെ അടുത്ത് ചെന്ന് ചോദിച്ചു. "ഈ അമ്മയെ ഡാഡി ഓർക്കുന്നുവോ? ശേഖറിന് വാക്കുകൾ ഇല്ലാതായി. അമ്മു പറഞ്ഞു "ഈ അമ്മയെ ആ വൃദ്ധസദനത്തിൽ കണ്ടതും എനിക്ക് ഡാഡിയോട വെറുപ്പാണ് തോന്നിയത്.ഇത്രയും ദുഷ്ടൻ ആയിരുന്നോ ഡാഡി.നാളെ ഞാനും ഡാഡിയോട് ഇത് ചെയ്താൽ ഡാഡി സഹിക്കുമോ?".ഈ ചോദ്യം കേട്ടതും ശേഖറിന്റെ മുഖം വിളറി.കുറ്റബോധം കൊണ്ട് അയാൾ പുളഞ്ഞു."ഈ അമ്മയുടെ ഓരോ കണ്ണീരിനും ഡാഡി മറുപടി പറയേണ്ടി വരും".ഇത് കേട്ടതും ശേഖർ അമ്മയുടെ കാലിൽ വീണ് കരഞ്ഞ് മാപ്പ് പറഞ്ഞു.അപ്പോൾ ആ അമ്മ പറഞ്ഞു "നീ എന്തിനാ കരയുന്നേ മോനെ.നീ കുഞ്ഞല്ലേ നീ ചെയ്ത തെറ്റ് ഞാൻ എപ്പോഴേ ക്ഷമിച്ചതാ".ഇത് കേട്ടതും ശേഖർ അമ്മയെ കെട്ടിപിടിച്ചു കരഞ്ഞു.ശേഖർ അമ്മയെ കൂട്ടി വീട്ടിനുള്ളിലേക്ക് പോയി.സ്വന്തം തെറ്റ് തനിക്ക് മനസിലാക്കി തന്ന അമ്മുവിനോട് അയാൾ നന്ദി പറഞ്ഞു. സ്വന്തം അമ്മയുടെ വില തനിക്ക് മനസിലാക്കി തന്ന മകളെ ഓർത്ത് അയാൾ അഭിമാനിച്ചു.

**റമീസാ മജീദ്**
(GHMCT)

അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി

# പുനർജീവിച്ച്,
## അതിജീവിച്ചങ്ങനെ...

നിരുപാധികമായ  സ്വാതന്ത്ര്യത്തിന്റെ
പരമോന്നതിയിലായിരുന്നെന്റെ ഭൂതകാലമെന്ന്, വർത്തമാനത്തിന്റെ
വാർത്തകളെത്തുന്നു ജലദോഷ-തുമ്മലുകളുടെ തുടക്കവും ഒടുക്കവും
നടുക്കം തീർത്തപ്പോൾ,ഭാവിയുടെ ഭാരം പേറാതെ,മണ്ണിനുഭാരമാവാതെ,
ഈ 'കോവിട് കാലത്തങ്ങനെ കൺചിമ്മുമെന്നു കരുതി.
പക്ഷെ,തെറ്റി...
നീരിറക്കത്തിന്റെ വെറും ജലദോഷപ്പനികളായിരുന്നവ..
അങ്ങനെ ഞാനും പുനർജീവിച്ചു..
മൂക്കൊലിപ്പിൽനിന്നും ചുമയിൽനിന്നും മാത്രമല്ലാട്ടോ.."നിനക്ക്
കോറോണയുണ്ടോ"
എന്ന നോട്ടങ്ങളിൽനിന്ന്..?
"ബാക്കിയുള്ളോർക്കും കൂടെ കൊടുത്തിട്ടേ നിന്റെ
കുരയൊടുങ്ങത്തൊള്ളോ...?"
എന്ന അവജ്ഞയുടെ ചോദ്യങ്ങളിൽ നിന്നും..
ഞാൻ പുനർജന്മം പൂണ്ടു...
പിന്നെയുണ്ടായിരുന്നത്,അതിജീവനമായിരുന്നു..
സാനിറ്റൈസറുകൊണ്ടും സോപ്പുകൊണ്ടും ഇരുകൈകളൊരുമയിൽ
പടവെട്ടിയങ്ങനെ..
തുരത്താനുള്ളത് അണുവിലും താഴെയുള്ളതാണെങ്കിലും,
കാത്തുസൂക്ഷിക്കാനുള്ളത് സഹസ്രകോടിയിലും മുകളിലായിരുന്നു..

അതിജീവനത്തിന്റെ
അക്ഷരം

മനസ്സുകളെ കോർത്തുനിർത്തി,വൈറസിന്റെ കണ്ണിപൊട്ടിക്കാനായി,നേരിൽ കാണാതിരുന്ന്, കാണുന്നമാത്രയിൽ,"നിനക്കും എനിക്കും നാടിനും നാട്ടുകാർക്കും വേണ്ടി വീട്ടിലിരിയെടാ"എന്നും പറഞ്ഞ്.. സ്വയം ലോക്കാക്കി ലോക്ക്ഡൗണിൽ കഴിയുന്ന നമ്മൾ വൈകാതെ അതിജീവനത്തിന്റെ മന്ത്രം തെളിയിക്കും...

ഈ അതിജീവനകാലയളവിൽ,ഇന്നുവരെ കണ്ടും,കേട്ടും, രുചിച്ചും അറിയാത്തതിനെ അറിഞ്ഞ്,വായിച്ചും എഴുതിയും,തെറ്റിച്ചും തിരുത്തിയും, മായ്ച്ചും തുടച്ചും,വെച്ചും വിളമ്പിയും സ്വയം മൂർച്ചകൂട്ടിമാത്രം വീടകങ്ങളിൽ നിന്ന് തിരിച്ചിറങ്ങുക...




**ജിഷ്മ**
(മലപ്പുറം)

*അതിജീവനത്തിന്റെ*
*അക്ഷരം*

# ഗൾഫുകാരൻ

"ഇക്കാ... അടുത്തയാഴ്ച്ച റസീനാന്റെ നിക്കാഹാ ഞങ്ങൾ തലേന്ന് തന്നെ പോവും ഇങ്ങൾ ഒരു പതിനായിരുറുപ്പിക ഇങ്ങടഴക്കീ, ഞങ്ങൾക്ക് പുതിയ ഡ്രസ് വാങ്ങിക്കണം". ഭാര്യയും മൂന്ന് പെൺമക്കളും അടങ്ങിയ കുടുംബം.
നിങ്ങൾ നാലു പേർക്ക് തുണി വാങ്ങിക്കാനാണോ ഇത്രയും പണമെന്ന് ചോദിക്കാൻ അയാൾ തുനിഞ്ഞില്ല. പറയുന്ന പണം അയച്ച് കൊടുക്കാത്തതിനിനി അവളുമായ് തർക്കിക്കാൻ അയാൾക്കു വയ്യായിരുന്നു. ഒന്നര വർഷമായില്ലെ ഭാര്യയെയും മക്കളെയും കണ്ടിട്ട്, അവർക്കൊരു തരത്തിലും കുറവുവരരുതെന്നു കരുതി പറയുന്ന പണം കടം വാങ്ങിച്ചായാലും അയാൾ അയച്ചു കൊടുക്കാറുണ്ട്, ദുബായിൽ പൊള്ളുന്ന വെയിലിൽ എല്ലുമുറിയെ പണിയെടുക്കുമ്പോഴും അയാൾക്ക് പരാതിയില്ല. ഒരുനിലവീട് ഇരുനിലയാക്കണം, മൂത്ത മകളുടെ നിക്കാഹ് അമ്പത് പവനിൽ കുറയാത്ത സ്ത്രീധനം കൊടുത്ത് തന്നെ നടത്തണം. രണ്ടു പതിറ്റാണ്ടിന്റെ പ്രവാസജീവിതത്തിനിടയിൽ അയാൾ നാടിനു വേണ്ടിയും പലതും ചെയ്തു. പള്ളികൾക്കായാലും, അമ്പലങ്ങൾക്കായാലും, സ്കൂളുകൾക്കായാലും, ലൈബ്രറികൾക്കായാലും അയാളുടെ സമ്പാദ്യത്തിന്റെ കൈയൊപ്പ് പതിപ്പിക്കാതിരുന്നിട്ടില്ല. അന്യനാട്ടിലാണേലും വീട്ടുകാരും നാട്ടുകാരും മാത്രമായിരുന്നു അയാളുടെ ലോകം
നാട്ടിലേക്കു മടങ്ങാനായി ദിവസമെണ്ണി നിൽക്കെയാണ് കൊറോണ കേരളത്തിലുമെത്തിയത്. അയൽ രാജ്യങ്ങളിൽ ലക്ഷങ്ങളെ കൊന്ന വൈറസിനെ ചെറുക്കാൻ സംസ്ഥാനം കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

*അതിജീവനത്തിന്റെ*
*അക്ഷരം*

റൂം മേറ്റ്സ് എല്ലാവരും നാട്ടിലേക്ക് മടങ്ങാനൊരുങ്ങുകയാണ്. അടുത്തു തന്നെ വിമാനസർവ്വീസ് നിർത്തലാക്കുമത്രെ. അടുത്ത ദിവസം മുതൽ ആരും ജോലിയിൽ പ്രവേശിക്കുന്നതില്ലെന്ന് അറബി ഓർഡർ ഇറക്കുകയും ചെയ്തു. അയാളും നാട്ടിലേക്കു മടങ്ങാൻ തീരുമാനിച്ചു. ഈ അവസരത്തിൽ താനൊപ്പമുണ്ടായാൽ കുടുംബത്തിനതൊരു വലിയ ആശ്വാസമായിരിക്കുമെന്നയാൾ ധരിച്ചു. ഉടനെ ഭാര്യയെ വിളിച്ചു വിവരം പറഞ്ഞു. ഭാര്യയിതു കേൾക്കേണ്ട താമസം" നിങ്ങളെന്താണീ പറയ്ന്നെ..., ഇപ്പൊ ഇങ്ങോട്ടേക്കു വരണ്ട, ദുബായിൽ നിന്നും വന്ന ഒരാൾക്കല്ലെ കഴിഞ്ഞ ദിവസം കൊറോണ സ്ഥിതീകരിച്ചത്..". അപ്രതീക്ഷിതമായ ആ മറുപടി കേട്ടയാൾ അൽപ്പനേരം സ്തംഭിച്ചു നിന്നു. പാക്ക് ചെയ്യാനായി കയ്യിലെടുത്ത മിഠായിപ്പൊതി നിലത്തു വീണു. മുറിക്കകത്ത് ചുറ്റും മിഠായിപ്പൊതികൾ നിലത്തുവീഴുന്ന ശബ്ദം!!.



ഐറിൻ ബി ഉസ്മാൻ
GHMCT

അതിജീവനത്തിന്റെ
അക്ഷരം

# ഒരു sunrise കാണാൻ

ചിലർക്കൊപ്പം മാത്രം ചെന്നിരിക്കാൻ കഴിയുന്ന നമ്മുടേതായ ചില ഇടങ്ങളുണ്ട് കേട്ടോ.
'ന്റെ ലോകം ' എന്നൊക്കെ പറയാൻ കഴിയുന്നവ....

അപ്പോ പറഞ്ഞു വരുന്നത് ഒരു Final year കാലഘട്ടത്തെ കുറിച്ചാണ്, മറ്റുള്ളവർക്ക് പഠനം തലക്കുപിടിച്ചപ്പോൾ ഞങ്ങളുടെ തലയ്ക്കുള്ളിലും പുറത്തും യൂണിയനും കോളേജും കൂട്ട്യോളും മാത്രം. അങ്ങനെ എല്ലാം കൂടി കലപിലകൂടി പ്രാന്തക്കാരുണ്ട് ഇടക്കൊക്കെ.
ആ അവസ്ഥ എത്തിയാൽ പിന്നെ നോക്കണ്ട, പിന്നങ്ങു പോയേക്കണം .....

ഒരു വിളി വിളിച്ചാൽ എങ്ങോട്ടെന്നു പോലും ചോയ്ക്കാതെ ഇറങ്ങി വരാൻ വലുതും ചെറുതുമായ രണ്ടെണ്ണം ഉള്ളപ്പോൾ പിന്നെന്തു നോക്കാൻ. രാത്രി -12ഓടു കൂടി തീരുമാനിച്ചുറപ്പിച്ച് അലറോം വച്ചുറങ്ങി.... രാവിലെ കൃത്യം -4നു വിളിവന്നു 'എണ്ണീറ്റവോ'? അങ്ങനെ എല്ലാരേം കുത്തിപ്പൊക്കി, ചെറുതായി ഒരു പല്ലുതേപ്പും പാസാക്കി, റെഡിയായി ഇറങ്ങി ..... രണ്ടു ബൈക്കും നാലു പേരും യാത്ര സെറ്റ്.
പുലർച്ചെ അങ്ങനെ തണുപ്പും കൊണ്ട് ബൈക്കിനു പിന്നിൽ ഇരുന്നു ചെറുതും, വലുതുമായ ഒരുപാടു വർത്തമാനങ്ങളൊക്കെ കാറ്റിൽ പറത്തിവിട്ട്, കൈകൊണ്ടു കാറ്റിനെ ഒക്കെ പിടിച്ചാണ് പോക്ക്

അതിജീവനത്തിന്റെ
അക്ഷരം

ഇടക്ക് തട്ടുകടയിലെ ഒരു സ്ട്രോങ്ങ് ചായയും ഒരു കുഞ്ഞു കടിയും ഒക്കെ അകത്താക്കി യാത്ര തുടർന്നു .... അമ്പലത്തിലേക്കുള്ള ഒരു ബോർഡ് കണ്ടു, വണ്ടി നേരെ ആ വഴിക്ക്, റബ്ബർ തോട്ടങ്ങളുടെ ഇടയിലൂടെ ഒരു കയറ്റം കേറി സ്ഥലത്തെത്തി. ഇപ്പോഴും ചെറിയ ഇരുട്ടുണ്ട്. വണ്ടി ഒതുക്കിയിട്ട് പയ്യെ ആ മണ്ണിൽ ചവിട്ടി അങ്ങ് നടന്നു, നടന്ന് നടന്ന് ആദ്യം ഒരു അമ്പലത്തിന്റെ മുന്നിലേക്കാണ് എത്തുക, പിന്നെ അങ്ങോട്ടു പാറയാണ്. ചെറിയൊരു കയറ്റം .......

പുല്ലുകളും, കശുമാവും ഒക്കെ നിഴൽവിരിച്ച പാറയും കേറി മുകളിൽ എത്തി, അവിടുന്ന് താഴേക്ക് നോക്കിയാൽ മഞ്ഞു മൂടിയ മലയിടുക്കാണ് .പയ്യെ പയ്യെ നേരം വെളുത്തുതുടങ്ങി, ആ വെളിച്ചം മെല്ലെ ആ മഞ്ഞുകൂട്ടങ്ങളിൽ വന്ന് തട്ടുന്നത് കാണാൻ ഒരു പ്രത്യേക ഭംഗിയാണ്. സൂര്യൻ മേഘങ്ങൾക്കിടയിലൂടെ കൈവിരലുകൾ കൊണ്ട് മഞ്ഞുകൂട്ടങ്ങളെ പിടിക്കാൻ ഒരുങ്ങും പോലെ ..... ! !

ബ്ലൂടൂത്ത് സ്പീക്കറിൽ പാട്ടൊക്കെയായി നമുക്ക മുന്നേ ഇടം പിടിച്ചവർ വേറെയും കാണാം അവിടെ അവർക്കൊപ്പം ഇപ്പോ ഞങ്ങളും ചെന്നങ്ങിരുന്നു ..........
ഒരുപാടു വർത്തമാനങ്ങൾ ഒന്നും തമ്മിൽ പറയാറില്ല , ആ തണുത്ത കാറ്റും കൊണ്ട് അവിടങ്ങ് കൂടും ...
ചിലപ്പോ ഒറ്റക്കൊറ്റക്ക് പോയി ഇരിക്കും അല്ലേൽ ഒരുമിച്ച ...ആ ഭംഗിയൊക്കെ ക്യാമെറയിൽ പകർത്തുന്ന തിരക്കിലാകും അനിയൻ
ഇടക്കൊരു സെൽഫി, അല്ലേൽ കുറേ ക്യാൻഡിഡ് ഫോട്ടോസ് ഒക്കെയായി ഓർമ്മകൾ മങ്ങാതെ കുറിച്ചിടാറുണ്ട് ..പാറയുടെ തുഞ്ചിൽ ചെന്ന് താഴോട്ടു നോക്കുന്നതും മറ്റൊരു കൗതുകം അങ്ങനെ തണുത്ത കാറ്റും കൊണ്ട്, വെയിലുറയ്ക്കും വരെ അവിടങ്ങു കൂടും.

അതിജീവനത്തിന്റെ
അക്ഷരം

ചേട്ടായിടെ വക ഇടക്കൊരു പാട്ടും കാണും ....
"അരികിൽ നിന്നരികിൽ നിന്നകലാതെ ഇരിക്കാം
മിഴി രണ്ടും നിറയുമ്പോൾ തുണയായി ഇരിക്കാം"
മഞ്ഞിനൊപ്പം ആ പാട്ടിനെയും കൊണ്ട് കാറ്റ് പയ്യെ ദൂരെക്കായി മറയും ...
എത്ര മനോഹരമായ നിമിഷങ്ങൾ ..... നമ്മുടെ മാത്രമായ ഓർമക്കുറിപ്പുകൾ .....

ക്ലിനിക്സ് ,ഡ്യൂട്ടി, ക്ലാസ്സ് ഓർമയിലെവിടെയോ ഒരു സ്പാർക് വന്നപോലെ. പോരാൻ സമയമായി അപ്പോഴേക്കും ടെൻഷൻ ഒക്കെ ആ കാറ്റിൽ പറന്നു പോയി കാണും.... തിരിച്ചു ചെല്ലുമ്പോ കോളേജിലേക്ക് പോകുന്ന കൂട്ടുകാരുടെ മുഖത്ത് ഒരു നോട്ടം ഉണ്ട് കേട്ടോ "പതിവില്ലാതെ രണ്ടും രാവില്ലേ എണീറ്റുവോ " എന്ന മട്ടിൽ ... കൂടെ ഒരു ചോദ്യവും "എവടെ പോയി രണ്ടുംകൂടി രാവില്ലേ തന്നെ "?.... അതു കേൾക്കുമ്പോ ചിരിച്ചുകൊണ്ട് ഞങ്ങൾ പറയും
" എയ് ഒരു sunrise കാണാൻ ".....!!!!!!



**റീറ്റി സേവ്യർ**
**(GHMCT)**

*അതിജീവനത്തിന്റെ*
*അക്ഷരം*

SFI ചാല ഏരിയ കമ്മിറ്റി

# ഭൂമിയിലെ രുചിയാർന്ന വിഭവം

പതിവ് പോലെ മാധവൻ മാഷ് ക്ലാസ്സ്മുറിയിൽ എത്തി.അതുവരെ കളികളിലും വർത്തമാനത്തിലും ഏർപ്പെട്ടിരുന്ന വിദ്യാർത്ഥികൾ അവരുടെ മലയാള അധ്യാപകനെ കണ്ട് നിശബ്ദരായി.കുട്ടികളുടെ പ്രിയപ്പെട്ടവനായിരുന്നു മാധവൻ മാഷ്.എന്നും ഒരു ചോദ്യത്തിലൂടെ ആണ് മാഷ് പഠിപ്പിക്കാൻ തുടങ്ങുന്നത്.വ്യത്യസ്തമായ മറുപടികൾ **പറഞ്ഞ്** കുട്ടികൾ അത് ആസ്വദിക്കും.ഇന്ന് മാഷ് കുട്ടികളോട് ചോദിച്ചു "ഈ ഭൂമിയിൽ നിങ്ങൾക് തോന്നിയിട്ടുള്ള ഏറ്റവും രുചിയുള്ള വിഭവം എന്താണ് "?.കുട്ടികൾ ചോദ്യം കേട്ടതും ആവേശരായി.ഓരോരുത്തരും മറുപടി പറയാൻ തുടങ്ങി.ഐസ്ക്രീം,ചോക്ലേറ്റ്,ചിക്കൻ,ന്യൂഡിൽസ് അങ്ങനെ പല തരത്തിലുള്ള ഉത്തരങ്ങൾ വന്നു.ഒരു കുട്ടി അവളുടെ ഉമ്മ ഉണ്ടാകുന്ന തലശ്ശേരി ബിരിയാണി ആണ് ഏറ്റവും രുചി എന്ന് പറഞ്ഞു. മാഷ് ഇതെല്ലാം കേട്ട് പുഞ്ചിരിച്ചു നിൽക്കുകയാണ് അപ്പോഴാണ് പുറകിലെ ബെഞ്ചിൽ അപ്പു തല താഴ്ത്തി ഇരിക്കുന്നത് കണ്ടത്.മാഷ് അവനോട് ചോദിച്ചു എന്താ നീ ഒന്നും പറയാത്തെ നിന്റെ ഇഷ്ട വിഭവം ഏതാണ്?.വിഷാദം ജ്വലിക്കുന്ന കണ്ണുകളോടെ അവൻ എഴുന്നേറ്റു പറഞ്ഞു ഈ ഭൂമിയിൽ ഏറ്റവും കൂടുതൽ രുചിയുള്ള വിഭവം വിശപ്പ് ആണ് മാഷേ. വിശപ്പ് സഹിക്കാൻ വയ്യാതെ വരുമ്പോൾ കിട്ടുന്ന ഭക്ഷണത്തിന് ആകും ഏറ്റവും രുചി അത് അല്പം പച്ച വെള്ളം ആയാൽ പോലും

*അതിജീവനത്തിന്റെ*

*അക്ഷരം*

ഈ ഉത്തരം കേട്ടതും മാഷിന് ഒത്തിരി സന്തോഷം ആയി മാഷ് അവനെ അഭിനന്ദിച്ചു.എന്നിട്ട് കുട്ടികളോട് പറഞ്ഞു "വിശപ്പ്" അത് അനുഭവിച്ചവനെ അതിന്റെ വേദന അറിയൂ. നമ്മുടെ അടുത്ത് ഉള്ളവൻ വിശന്ന് ഇരികുമ്പോ നാം വയർ നിറയെ കഴിക്കുന്നത് തെറ്റാണ്.വിശപ്പ് അറിഞ്ഞ് വേണം നാം ഓരോരുത്തരും വളരാൻ. വിശക്കുന്നവന് ആഹാരം കൊടുക്കുക എന്നതാണ് ഏറ്റവും വലിയ പുണ്യം അപ്പോൾ അവരുടെ മുഖത്ത് ഉണ്ടാകുന്ന ആ ചിരി അതാണ് ഭൂമിയിലെ ഏറ്റവും മനോഹരമായ ചിരി.വിശപ്പിന്റെ വില എന്താണെന്ന് ഇന്ന് നമുക്ക മനസ്സിലാക്കി തന്നത് നമ്മുടെ അപ്പ ആണ്. അത്രയും പറഞ്ഞുകൊണ്ട് മാഷ് അപ്പുവിനെ അടുത്ത് വിളിച്ച ഒരിക്കൽ കൂടി അഭിനന്ദിച്ചു.



**റമീസാ മജീദ്**
**(GHMCT)**

*അതിജീവനത്തിന്റെ അക്ഷരം*

SFI ചാല ഏരിയ കമ്മിറ്റി

# കൊറോണാന്തരകാലത്തെ അരാഷ്ട്രീയ ലോകത്തിന്റെ ഭാവി

കൊറോണാനന്തര കാലത്തെ അരാഷ്ട്രീയ ലോകത്തിന്റെ ഭാവി

കൊറോണ ചില പാഠങ്ങൾ പഠിപ്പിച്ച തന്നെയാകും കടന്നുപോകുക എന്നത് ഏറെക്കുറെ വ്യക്തമായിക്കഴിഞ്ഞു. ലോകത്ത് നിലനിൽക്കുന്ന രണ്ടു വ്യവസ്ഥകളുടെ വ്യത്യാസം പ്രകടമായി കാണാൻ കഴിയുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള അന്തരം ലാഭവും മാനവികതയും തമ്മിലുള്ളതാണെന്നു നാം തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇനി ഇതിലേതു സ്വീകരിക്കണം എന്നതാണ് ചോദ്യം. അവിടെയാണ് നവലിബറൽ കാലത്തിന്റെ ഏറ്റവും അസ്വസ്ഥതാജനകമായ സംഭാവനയെ നമ്മൾ ചർച്ച ചെയ്യേണ്ടത്. അരാഷ്ട്രീയത എന്ന ശീലം വളരെ പെട്ടെന്നാണ് ലോകം സ്വീകരിച്ചത്. വളരെ എളുപ്പമുള്ള ഒന്നായി മുതലാളിത്തം അതിനെ പൊതുബോധത്തിൽ കുത്തിവച്ചു. പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ട. വെറുതെയിരുന്നാൽ മതി. അവനവന്റെ കാര്യം മാത്രം ചിന്തിക്കുക, അതിനാവശ്യമായതു മാത്രം ചെയ്യുക.

എന്താണ് രാഷ്ട്രീയത, എന്താണ് അരാഷ്ട്രീയത? അവനവന്റെ ലാഭനഷ്ടങ്ങൾ ആലോചിക്കാതെ മനോഭാവം, വാക്ക്, പ്രവർത്തി - ഇവയിൽ ഒന്നുകൊണ്ടോ എല്ലാം കൊണ്ടോ അനീതിയെ പ്രതിരോധിക്കലാണ് രാഷ്ട്രീയത. എന്നാൽ അവനവനറെ ലാഭങ്ങൾക്ക് വേണ്ടി മനോഭാവം, മൗനം, വാക്ക്, പ്രവർത്തി എന്നിവയിൽ ഏതെങ്കിലും ഒന്നുകൊണ്ടോ എല്ലാം ഒരുമിച്ചോ അനീതിയെ അനുകൂലിക്കലാണ് അരാഷ്ട്രീയത.

അരാഷ്ട്രീയവാദികൾ പൊതുവിൽ ഉപയോഗിക്കുന്ന ഒരു പദമാണ് 'നിഷ്പക്ഷത'. നിഷ്പക്ഷതയോളം കാപട്യം നിറഞ്ഞ മറ്റൊരു പ്രയോഗവും ഇന്ന് ലോകത്ത് കണ്ടെത്താൻ സാധിക്കില്ല. നിഷ്പക്ഷത കാപട്യമാണ്. എന്തെന്നാൽ നിഷ്പക്ഷത എന്നൊരു നിലപാട് മനുഷ്യർക്ക് അസാധ്യമാണ്. ഏതെങ്കിലും ഒരു വിഷയത്തിൽ നിങ്ങൾ ശരിയോടൊപ്പമാണോ തെറ്റിനോടൊപ്പമാണോ എന്ന ചോദ്യത്തിനാണ് ഉത്തരം നൽകേണ്ടത്. ഞാൻ

അതിജീവനത്തിന്റെ
അക്ഷരം

## SFI ചാല ഏരിയ കമ്മിറ്റി

ശരിക്കും തെറ്റിനും ഒപ്പമല്ല എന്നൊരു നിലപാട് സ്വീകരിക്കുക അസാധ്യമാണ്. അത്തരമൊരു ഘട്ടത്തിൽ, ഞാൻ നിഷ്പക്ഷനാണ് എന്ന പ്രയോഗത്തിലൂടെ ഞാൻ തെറ്റിനോടൊപ്പമാണ് എന്ന് പറഞ്ഞു വയ്ക്കുകയാണ് പലരും. എന്തുകൊണ്ട്? താൻ നിലകൊള്ളുന്നത് ശരിയായ പക്ഷത്തിനൊപ്പമാണെങ്കിൽ അത് ലോകത്തോട് വിളിച്ച് പറയുന്നതിൽ എന്തിനാണ് മടികാണിക്കുന്നത്? ശരിയാണ് എന്ന് ബോധ്യമുള്ള കാര്യങ്ങൾ പറയുവാൻ മനുഷ്യൻ ലോകത്തൊരിടത്തും മടിച്ചുനിന്ന ചരിത്രമില്ല. അതെ സമയം, തെറ്റാണ് എന്ന് സ്വന്തം മനസാക്ഷിക്ക് അറിയാവുന്ന ഒരു കാര്യം, രാഷ്ട്രീയമോ സാമൂഹികമോ സാംസ്കാരികമോ ആയ കാരണങ്ങൾ കൊണ്ട് വിളിച്ച് പറയാൻ പറ്റാതെവരുമ്പോഴോ, പറയേണ്ട എന്ന് തീരുമാനിക്കുമ്പോഴോ എടുത്തണിയാൻ പറ്റിയ ഒരു മുഖംമൂടിയാണ് നിഷ്പക്ഷത. അത് തെറ്റിനോടുള്ള സമരസപ്പെടലാണ്. തെറ്റിന് കയ്യടിക്കലാണ്. അതിനെയാണ് നാം .അരാഷ്ട്രീയത എന്ന മധുരം പുരട്ടിയ വാക്കുകൊണ്ട് വിവക്ഷിക്കുന്നത് കടന്നാക്രമണങ്ങൾ

.ഒരർത്ഥത്തിൽ പറഞ്ഞാൽ അരാഷ്ട്രീയത ഒളിച്ചു കടത്തുന്ന കുറുക്കുവഴിയാണ് നിഷ്പക്ഷത അരാഷ്ട്രീയവാദികളുടെ ഏറ്റവും ഭീകരമായ ആക്രമണം നേരിടേണ്ടി വരുന്ന ഒരു വിഭാഗമാണ് വിദ്യാർത്ഥികൾ. ക്യാമ്പസ് രാഷ്ട്രീയത്തിന് നേരിടേണ്ടി വന്നതുപോലെയുള്ള വേറൊരു വിഭാഗത്തിനും ഇവരിൽനിന്ന് നേരിടേണ്ടി വന്നിട്ടില്ല. അധികാരവ്യവസ്ഥയുടെയും സാമൂഹ്യസ്ഥാപനങ്ങളുടെയും നേരെ പ്രതിഷേധത്തിന്റെയോ പ്രതിരോധത്തിന്റെയോ ചെറുവിരൽ .പോലും അനക്കാത്തവയാകും എക്കാലവും അരാഷ്ട്രീയവാദികളുടെ ധാർമികരോഷങ്ങൾ ചരിത്രത്തിലെ എണ്ണിയാലൊടുങ്ങാത്ത സമരങ്ങളുടെ സകല ഗുണഫലങ്ങളും നുകർന്ന് ആ സമരഭൂമികളിൽ ചിന്തിയ ചോരയുടെ മണമുള്ള മണ്ണിൽ വേരൂന്നി വളർന്നു നിന്നുകൊണ്ടാണ് ഇവർ അന്നത്തെ ഇടിനാദം പോലെയുള്ള മുദ്രാവാക്യങ്ങൾ അപ്പാടെ കയ്യൊഴിയുകയും ഇനി വരാൻ പോകുന്ന വലിയ പോരാട്ടങ്ങൾ സമാധാനപരമാകണം എന്നുള്ള പ്രസംഗങ്ങൾ നടത്തുകയും ചെയ്യുന്നത്. കേരളത്തിലെ ചില വിദ്യാർഥിസമരങ്ങൾ, ഇത്തരം രാഷ്ട്രീയമില്ലാത്ത'വരുടെ ആവേശത്തള്ളലിൽ ഒലിച്ചുപോയി എന്ന പൊതുബോധം' ,സൃഷ്ടിക്കുവാൻ മാധ്യമങ്ങൾക്കു പ്രത്യേക താല്പര്യവുമുണ്ട്. ചില സമരങ്ങൾ അക്രമാസക്തമായിട്ടുണ്ട് .ഇല്ലെന്നല്ല

അതിജീവനത്തിന്റെ
അക്ഷരം

പ്രതിഷേധവും സമരവീര്യവും രോഷവും യൗവനത്തിന്റെ നിസ്സീമമായ ഊർജവും കൂടിചേർന്നുണ്ടാകുന്ന മൂർത്തമായ ചില ഘട്ടങ്ങളിൽ ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങളെ പുറങ്കാൽ കൊണ്ട് തൊഴിച്ചെറിഞ്ഞു മുന്നേറിയിട്ടുണ്ട് വിദ്യാർഥിപ്രസ്ഥാനങ്ങൾ. ആ ചരിത്രപരമായ മുന്നേറ്റങ്ങളുടെ സമരവീഥികളിൽ ഒന്നോരണ്ടോ ബസ്സുകളുടെ ചില്ല് തകർന്നതിന് സാരോപദേശശതകം ആയിരം ഖണ്ഡം ഉപന്യസിക്കുന്ന നിഷ്പക്ഷ അരാഷ്ട്രീയവാദികൾ ഒരു നിമിഷം ചിന്തിക്കുമോ, അവർ നേടി എന്ന് കരുതുന്ന പലതും ഇങ്ങനെ എത്രയോ ?സമരപോരാട്ടങ്ങളുടെയും പ്രതിരോധങ്ങളുടെയും ഫലമാണ് എന്നത് പഠിക്കേണ്ട സമയത്ത് പഠിക്കാതിരിക്കുന്നതിനെക്കുറിച്ചും അവർ പ്രസംഗിക്കും, കവിതകളെഴുതും, കാർട്ടൂൺ വരയ്ക്കും. ഈ സർക്കാർ കോളേജിലെ വിദ്യാർത്ഥികൾ ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ചാണ് പഠിക്കുന്നത്. അതുകൊണ്ട് അവർ പഠിച്ചാൽ ,മാത്രം മതിയെന്ന് വിദണ്ഡ വാദമുയർത്തും. സർക്കാരെന്നല്ല എവിടെപ്പഠിച്ചാലും അതിൽ ജനങ്ങളുടെ പണമുണ്ട് എന്നത് ആദ്യത്തെ പ്രശ്നം. ഇനി ജനങ്ങളുടെ പണം ഉപയോഗിച്ച് പഠിച്ചവരിൽ എത്ര ശതമാനം പേർ തങ്ങൾ നേടിയ വിദ്യാഭ്യാസം ജനങ്ങൾക്കുവേണ്ടികൂടി ഉപയോഗിച്ച് എന്നൊരു പരിശോധന .നടത്തിയാൽ അവിടെ ഞെട്ടിക്കുന്ന പലതും കാണാൻ സാധിക്കും ആ വഴിക്കൊരു ഗവേഷണം സത്യത്തിൽ നടത്തേണ്ടതാണ്. നേടുന്ന വിദ്യാഭ്യാസവും അതിന്റെ മൂല്യവും പൊതുസമൂഹത്തിന് ഉപയുക്തമാകണമെങ്കിൽ വിദ്യാഭ്യാസകാലത്ത് തന്നെ അത് ,പ്രയോഗത്തിൽ വന്നു തുടങ്ങണം. ശീലമാകണം. ജനാധിപത്യം ,മതനിരപേക്ഷത, സാമൂഹ്യബോധം ഇങ്ങനെ മനുഷ്യജീവിതത്തിന്റെ

സ്വാതന്ത്ര്യം എന്ന അനുഭവത്തിന്റെ, ഏറ്റവും തിളക്കമാർന്ന മൂല്യങ്ങൾ അനുഭവിച്ചറിയണം. അതിന് കലാലയരാഷ്ട്രീയം അത്യന്താപേക്ഷിതമാണ്. ഇതിനെയാണ് കേവലമായ വാദങ്ങൾ .നിരത്തി അരാഷ്ട്രീയവാദികൾ തച്ചുതകർക്കാൻ ശ്രമിക്കുന്നത്

അരാഷ്ട്രീയത വളർത്തേണ്ടത് വിപണിയുടെയും മുതലാളിത്തത്തിന്റെയും ആവശ്യമാണ്. നമ്മെ ബാധിക്കുന്ന ഏതാണ്ടെല്ലാ പ്രശ്നങ്ങളുടെയും കാരണം രാഷ്ട്രീയമാണ്. അമിതമായ ജങ്ക് ഫുഡ ഉപയോഗം മുതൽ വിദ്യാഭ്യാസസംവിധാനങ്ങളുടെ പോരായ്മ വരെ അടിസ്ഥാനപരമായി ' രാഷ്ട്രീയപ്രശ്നങ്ങൾ തന്നെയാണ്. എന്നാൽ ഇതിൽനിന്നും ശ്രദ്ധതിരിച്ചുകൊണ്ട്, ഇതെല്ലാം മറ്റുകാരണങ്ങൾ കൊണ്ടാണെന്നു വരുത്തിത്തീർത്താണ് മുതലാളിത്തം നിലനിക്കുന്നത്. ഈ കോവിഡ് കെടുതി പോലും, മുതലാളിത്തരാഷ്ട്രീയത്തിന്റെ സൃഷ്ടിയാണെന്നിരിക്കെ, അതിനെ വെറുമൊരു ആരോഗ്യ/ലൈഫ്സ്റ്റൈൽ പ്രശ്നമാക്കി മാത്രമേ വിപണി ചിത്രീകരിക്കൂ. ഈ ലോക്ക്ഡൌൺ കഴിയുമ്പോൾ വിപണി ശ്രമിക്കുക, ഒരു കൊക്കക്കോള കുടിച്ചാൽ - കൂടുതൽ വാങ്ങിയാൽ - തീരാവുന്ന സങ്കടങ്ങളെ നിങ്ങൾക്കുള്ളൂ എന്ന് ബോധ്യപ്പെടുത്താനാകും. ഈ **വിപണി തന്ത്രം** മുതലാളിത്തത്തിന്റെ **നിലനിൽപ്പ് തന്ത്രം** രാഷ്ട്രീയമുള്ളവന്റെ മുന്നിൽ .വിലപ്പോകില്ലല്ലോ

ഒരു ജനാധിപത്യ രാജ്യമെന്ന നിലയിൽ നമ്മുടെ നാടിനെ നയിക്കാനും ഭരിക്കാനും .വിവിധതലങ്ങളിൽ നേതാക്കൾ ഉയർന്നുവരേണ്ടത് കലാലയങ്ങളിൽ നിന്നുതന്നെയാണ് കലാലയങ്ങളിലെ രാഷ്ട്രീയപാഠങ്ങൾ പഠിക്കാത്ത നേതാക്കൾ ഭരണത്തിൽ വന്നതിന്റെ തിക്തഫലങ്ങൾ നാമിന്നനുഭവിക്കുകയാണല്ലോ. അതെ അവസരത്തിൽ വിദ്യാർത്ഥി-യുവജന രാഷ്ട്രീയപ്രവർത്തനങ്ങളുടെയും പ്രക്ഷോഭസമരങ്ങളുടയും കരുത്തും കരുതലുമായി ഒരു .ഭരണാധികാരി കേരളത്തെ ഈ ദുരിതകാലത്ത് നയിക്കുന്നതും നാം കാണുകയാണ് അല്ല, അനുഭവിച്ചറിയുകയാണ്. ജനാധിപത്യ പ്രക്രിയയുടെ പരിശീലനത്തിന് .സർവകലാശാലകൾ ഇല്ല

വ്യത്യസ്ത രാഷ്ട്രീയ ദർശനങ്ങൾ കൈകാര്യം ചെയ്യേണ്ട ചിന്തകൾ ഉരുത്തിരിയേണ്ടത് നിശ്ചയമായും ക്യാമ്പസുകളിൽ നിന്നുതന്നെയാണ്. സിലബസും പാഠപുസ്തകങ്ങളും നല്കുന്നതിനപ്പുറം കലാലയങ്ങൾ വിദ്യാർത്ഥികൾക്ക് ചില ശീലങ്ങൾകൂടി നൽകുന്നുണ്ട്. സാമൂഹ്യജീവിതത്തിൽ സംസ്കാരത്തോടെയുള്ള പെരുമാറ്റം. സഹജീവികളോട് പുലർത്തേണ്ട മര്യാദ. വ്യക്തികളും സമൂഹവും പരിസ്ഥിതിയും തമ്മിലുള്ള .പാരസ്പര്യത്തിന്റെ ഊടും പാവും. ഇതൊന്നും അരാഷ്ട്രീയത ശീലിച്ചാൽ കിട്ടുന്നതല്ല, സർ ആദ്യം സൂചിപ്പിച്ച നിഷ്പക്ഷതയിലേയ്ക്ക് തിരിച്ചുവരാം. നിഷ്പക്ഷതവിട്ടു ശരിയേത് തെറ്റേത് എന്നുപറയാൻ ഒരു നിലപാടെടുക്കേണ്ടി വരും. നിലപാടെടുക്കണമെങ്കിൽ ഒരു പക്ഷത്ത്

നിലയുറപ്പിക്കാൻ ഒരു രാഷ്ട്രീയം വേണം. ആ രാഷ്ട്രീയം ഏതെന്നു വെളിപ്പെടുമോ എന്ന ഭയമാണ് നിഷ്പക്ഷർ ആ നിലപാടെടുക്കുവാൻ കാരണം. അവർക്ക് രാഷ്ട്രീയമുണ്ട് എന്നുതന്നെയാണ് ഞാൻ പറയാൻ ശ്രമിക്കുന്നത്. ആ രാഷ്ട്രീയം ഒരു ഘട്ടത്തിലും ചരിത്രത്തോട് നീതിപുലർത്തുന്നതല്ല എന്നതാണ് സത്യം. കൊറോണ താണ്ഡവമാടുന്ന ഈ സമയത്തു രാജ്യം രണ്ടു നയങ്ങളുടെ, രണ്ടു സമീപനങ്ങളുടെ വ്യത്യാസം അനുഭവിച്ചറിയുകയാണ്. മുതലാളിത്തം മുട്ടുവിറച്ച് .കീഴ്പെടുമ്പോൾ സോഷ്യലിസം തലയുയർത്തിനിന്നു പോരാടുകയാണ് അങ്ങ് ചൈന മുതൽ വിയറ്റ്നാം, ക്യൂബ തുടങ്ങി നമ്മുടെ കൊച്ചു കേരളത്തിൽ വരെ ആ ഒരൊറ്റ രാഷ്ട്രീയത്തിന്റെ വെളിച്ചത്തിൽ അതിജീവിക്കുകയാണ്. ഈ കൊറോണക്കാലം കഴിയുമ്പോൾ .മാനവികതയുടെ ഈ രാഷ്ട്രീയം ലോകം മുഴുവൻ ചർച്ച ചെയ്യപ്പെടും എന്തുകൊണ്ട് ഈ രാഷ്ട്രീയം വലിയ ദുരന്തങ്ങളെ അതിവേഗം അതിജീവിച്ച് എന്നത് ചർച്ചചെയ്യപ്പെടും. അത്തരം ചർച്ചകളിൽ അരാഷ്ട്രീയത നിറയ്ക്കാൻ ശ്രമിക്കുന്നവരെ ലോകം അഴുക്കുചാലിലേയ്ക്ക് വലിച്ചെറിയുകതന്നെ ചെയ്യും. ശരിയുടെ ഭാഗത്തിന് ശക്തികൂടുന്ന ഭാവിയാണ് വരാനിരിക്കുന്നത്. കൂടുതൽ വ്യക്തതയോടെയും ഉച്ചത്തിലും രാഷ്ട്രീയം പറയേണ്ട കാലമാണ് മുന്നിലുള്ളത്. മഹാനായ ലെനിന്റെ പ്രസിദ്ധമായ വാചകം ഒന്നോർക്കാം, 'നിങ്ങൾ രാഷ്ട്രീയത്തിൽ '.ഇടപെട്ടില്ലെങ്കിൽ രാഷ്ട്രീയം നിങ്ങളുടെ ജീവിതത്തിൽ ഇടപെടും നമുക്ക് രാഷ്ട്രീയത്തിൽ ഇടപെടുക തന്നെ വേണം. വരാനിരിക്കുന്ന ഏതുദുരിതകാലത്തെയും അതിജീവിക്കാൻ ശക്തമായ രാഷ്ട്രീയബോധ്യങ്ങൾക്കും, അവ രൂപപ്പെടുത്തുന്ന ഇച്ഛാശക്തിയുള്ള ഭരണകൂടങ്ങൾക്കും മാത്രമേ കഴിയൂ എന്ന തിരിച്ചറിവാണ് .കൊറോണകാലത്ത് പഠിക്കേണ്ട ഒന്നാമത്തെ പാഠം

**മുരളി തൃപാദം**
തിരുവനന്തപുരം

SFI ചാല ഏരിയ കമ്മിറ്റി

# കരുതലിന്റെ രാഷ്ട്രീയം
# ഒരു നേർ കാഴ്ച

മരണത്തിന്റെ ഗന്ധമുള്ള വൈറസ്, ഈ ലോക്ഡൌൺ പിരീഡ് നീട്ടിക്കൊണ്ട് പോകുമോ?? അവൾ ജനിതകഘടനയിൽ മാറ്റം വരുത്തിക്കൊണ്ട് ആക്രമണത്തിന്റെ തന്ത്രം മാറ്റിയാൽ പ്രതിരോധിക്കുക എളുപ്പമാകുമോ??
പക്ഷേ ഈ ലോക്ക്ഡൗൺ നീണ്ടിരുന്നെങ്കിൽ എന്ന് ഇടയ്ക്കിടെ തോന്നാറുണ്ട്. എനിക്കിനിയും എഴുതണം... പക്ഷേ പ്രിയപ്പെട്ടവരെ കാണാതെ കഴിയേണ്ട ദിനങ്ങൾ എങ്ങനെ സഹിക്കും?? അവരെ കാണാതിരിക്കുന്നതും ഒരു രീതിയിൽ മരണം തന്നെയല്ലേ??

എത്ര നിശബ്ദമായ നിരത്തുകൾ... റെയിൽപാളങ്ങൾ ഇപ്പോൾ എന്നെപ്പോലെ അസ്വസ്ഥതയിലായിരിക്കും.. നഗരത്തിൽ ഇടംവലം നോക്കി മുറിച്ചുകടന്ന റോഡുകൾ വിജനതയിൽ വിഷാദംപൂണ്ട കന്യകയെപ്പോലെ ഞെളിപിരി കൊള്ളുന്നുണ്ടാകും..

ഇന്ന് എഴുതിത്തുടങ്ങുമ്പോൾ ഒരു മരണം കൂടെ റിപ്പോർട്ട് ചെയ്തിരിക്കുന്നു... ഭയപ്പെടേണ്ടിയിരിക്കുന്നല്ലോ.. മരണപ്പെട്ടവരുടെ ഉറ്റവരും ഉടയവരും ഇപ്പോൾ എന്തായിരിക്കും ചിന്തിക്കുക.. പ്രിയപ്പെട്ടവരുടെ മരണത്തെക്കാൾ ഇപ്പോൾ അവർ സ്വന്തം മരണത്തെ പറ്റി വേവലാതിപ്പെടുന്നുണ്ടാകില്ലേ..

അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി

ഡൽഹിയിലെ തെരുവിൽ ഇറങ്ങിയ അന്യസംസ്ഥാന തൊഴിലാളികൾ,
അവരുടെ അവസ്ഥ ഇപ്പോൾ എന്താകും?? ഒരു കൂട്ടപ്പാലായനത്തിനു
തെരുവിലിറങ്ങിയപ്പോൾ അവരുടെ മനസ്സിൽ എന്തായിരുന്നിരിക്കും??
പൊരിയുന്ന വയറിനെക്കുറിച്ചാകില്ല അവർ ചിന്തിച്ചിട്ടുണ്ടായേക്കുക..
പൊരി വെയിലിലൂടെ നടന്നു നീങ്ങുന്ന അവർക്കിടയിലെ കുരുന്നുകളെ
നിങ്ങൾ ശ്രദ്ധിച്ചിരുന്നോ?? അവർ വീട്ടുകളിൽ എത്തിയിട്ടുണ്ടാകുമോ??
അവർ ഇപ്പോൾ സുഖമായി ഉറങ്ങുന്നുണ്ടാകുമോ??
ആ സാഹസം അറിയാതെയാണോ നമ്മുടെ നാട്ടിലെ തെഴിലാളികൾ
പുറത്തിറങ്ങിയത്?? അവിടുത്തെ നരകജീവിതം പോലെയാകും
ഇവിടെയുമെന്ന് അവർ ഭീതിപൂണ്ടുവോ.. ഭീതിപ്പെടുത്താനൊരുങ്ങിയ
ചീഞ്ഞുനാറിയ ഒരു രാഷ്ട്രീയം അതിനു പിന്നിൽ ഉണ്ടാകുമോ??
പ്രളയങ്ങളുടെ കാലത്ത് നമുക്ക് മനസ്സിനുറപ്പുണ്ടാക്കിയ ഒരു ശബ്ദം
ഇപ്പോഴും കേൾക്കുന്നുണ്ടല്ലോ.. നമ്മളെ ഓരോരുത്തരെയും
പരിഗണിക്കുന്നുണ്ടെന്ന തോന്നലുണ്ടാക്കിക്കൊണ്ട്.. ഇടർച്ചയില്ലാതെ..
അതേ,
മുണ്ടയിൽ കോരന്റെ മകന്റെ ശബ്ദം.
കല്യാണിയുടെയും മകൻ... പുരുഷന്മാർ വീട്ടുകളിൽ സ്ത്രീകളെ
സഹായിക്കണമെന്ന് പറയാൻ പ്രാപ്തനാക്കിയത് ആ അമ്മ
കൂടെയായിരിക്കുമല്ലോ...

അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി

ആ വാക്കുകളിൽ മഹാമാരിയെ കീഴടക്കുമെന്ന ഉറപ്പുണ്ട്..
അതുകഴിഞ്ഞുള്ള നാളുകളെ കുറിച്ചുള്ള പ്രതീക്ഷകൾ
നിറയുന്നുണ്ട്.. അതിലൊരു സ്നേഹത്തിന്റെ സംഗീതമുണ്ട്...
നാടിനോട്.. അവിടെ വസിക്കുന്നവരോട് ഒക്കെ...

അതിജീവിക്കണം അങ്ങനാണല്ലോ വേണ്ടത്.. പ്രതീക്ഷിക്കാം
നല്ല പുലരിക്കായി

**ഷെബിൻ എസ് സുഗതൻ**
**(കാനഡ)**

*അതിജീവനത്തിന്റെ*
*അക്ഷരം*

SFI ചാല ഏരിയ കമ്മിറ്റി

# കാക്കിയും കോവിഡും

കോവിഡ് 19 എന്ന മഹാമാരി ലോകം മുഴുവൻ ഭീതിയിൽ ആഴ്ത്തുമ്പോഴും ലോക മാധ്യമങ്ങൾ പോലും കേരളത്തിന്റെ ചെറുത്ത് നില്പിനെ പ്രശംസിക്കുകയാണ് . കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി കേരളം മുന്നോട്ട് പോവുമ്പോൾ അതിജീവനത്തിന്റെ പുതിയ അധ്യായം കൂടി സൃഷ്ടിക്കപ്പെടുകയാണ്. ഒരു ഭരണകൂടത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനവും സർവ്വ മേഖലകളുടേയും ഏകോപനവും കേരളത്തിലെ ജനങ്ങളുടെ ഇടപെടലും തന്നെയാണ ഈ അതിജീവനത്തിനു കരുത്ത് പകർന്നത്. ഒരു സമയത്ത് ഇന്ത്യയിലെ തന്നെ കോവിഡ് ഹോട്ട്സ്പോട്ട് ആയി നിന്ന സംസ്ഥാനം പിന്നീട് രോഗമുക്തി നേടിയവരുടെ എണ്ണത്തിൽ ദേശീയ ശരാശരിയെക്കാൾ മുകളിലേയ്ക്ക് ഉയർന്നു വന്നതിനു പിന്നിൽ ആരോഗ്യ പ്രവർത്തകരുടെയും സർക്കാരിന്റെയും പൊതുജനങ്ങളുടെയും കരുതലും ജാഗ്രതയും ഉണ്ട്.

ആ കരുതലിന്റെ കരങ്ങളിൽ വെള്ളയുടുപ്പിട്ട മാലാഖാമാർക്കൊപ്പം തന്നെ ചേർത്ത് പറയേണ്ടതാണ് കാക്കിയിട്ട കാവൽ ഭടന്മാരുടെ കഥ. കേരളത്തിൽ കോവിഡ് ഭീതി ഉയർന്നു വന്ന കാലം മുതൽ രാപ്പകൽ ഭേദമന്യേ സേവനമനുഷ്ഠിക്കുന്ന വിഭാഗങ്ങളിൽ ഒന്ന് കേരള പോലീസാണ്.

കർക്കശ്യങ്ങളുടെ പേരിൽ അറിയപ്പെട്ട പോലീസ് മാമന്മാർ ഒന്നാകെ കരുതലിന്റെ മേൽക്കുപ്പായം അണിഞ്ഞു പ്രതിരോധത്തിന്റെ മുൻ നിരയിലേക്ക് അണിനിരന്നു. മാറി മാറി വന്ന രണ്ട് പ്രളയങ്ങളിലും പോലീസ് ഈ രക്ഷകപരിവേഷം അണിയുന്നത് നാം കണ്ടതാണെങ്കിലും നാടൊട്ടാകെ തളയ്ക്കപ്പെടുന്ന ഭീതിജനകമായ ഒരാവസ്ഥയിൽ ആ ചങ്ങലകൾ സുരക്ഷിതമായി ബന്ധിക്കാൻ പോലീസിന് സാധിച്ചു. ലോക്ക് ഡൗണിന്റെ ഗൗരവം മനസ്സിലാക്കാതെ പുറത്തിറങ്ങുന്നവർക്ക് മുന്നിൽ വഴികൾ അടച്ച ശാസനയുടെ മുഖം ഉയർത്തുമ്പഴും മറു തലയ്ക്കൽ കേരളത്തിൽ അങ്ങോളമിങ്ങോളം ഉള്ള പോലീസ് സ്റ്റേഷനുകൾ ലോക്ക് ഡൗണിന്റെ ദുരിതത്തിൽ ആയ ജനങ്ങൾക്ക് സ്നേഹത്തിന്റെയും കരുതലിന്റെയും വഴി തുറക്കുകയായിരുന്നു. അതു ഭക്ഷണമായും മരുന്നായും മാസ്ക്കുകൾ ആയും ഒക്കെ ഇന്നും മുറ തെറ്റാതെ തുടരുന്നു. ഊണും ഉറക്കവും ഉപേക്ഷിച്ച നെട്ടോട്ടമോടുന്ന കേരള പോലീസ് ഇന്ന് സമൂഹ മാധ്യമങ്ങളിൽ സ്ഥിരം ചർച്ചയാണെങ്കിലും, അഭിനന്ദാർഹമായ അവരുടെ പ്രവർത്തനത്തെ എടുത്ത് പറയാൻ

*അതിജീവനത്തിന്റെ അക്ഷരം*

നന്മകളേക്കാൾ ഉപരി തെറ്റുകൾ പാടി നടക്കാൻ ശീലിച്ച പാണന്മാരുടെ പിന്മുറക്കാർ ഇഷ്ട്ടപെടുന്നില്ല .

അടഞ്ഞു കിടക്കുന്ന വഴിയോര കാഴ്ചകൾ കാണാൻ വണ്ടിയുമെടുത്തു പുറത്തിറങ്ങുമ്പോൾ വഴി തടഞ്ഞു കാര്യകാരണങ്ങൾ അന്വേഷിക്കുന്ന പോലീസ് മാമന്മാർ നമുക്കിൽ അമർഷം ഉണ്ടാക്കിയേക്കാം എന്നാൽ സ്വന്തം കുടുംബത്തെ പോലും ഉപേക്ഷിച്ച നമ്മുടെ സുരക്ഷയ്ക്കായി രാവും പകലും അറിയാതെ പോകുന്ന മറ്റുള്ളവരെ ഊട്ടുന്നതിനിടയിൽ സ്വന്തം വയറു നിറയ്ക്കാൻ സമയം കിട്ടാത്ത അവരെ നാം കാണാതെ പോകരുത്. അവർ മുഖം കറുപ്പിക്കുന്നത് നമുക്കും കൂടിയാണെന്ന ബോധ്യം സ്വയം തോന്നിയാൽ തന്നെ വീടുകളിൽ ഇരിക്കാൻ ഉള്ള മനസ്സ് ഉണ്ടാവും.

പോലീസ് സേന ഒന്നാകെ ഒരു മനസ്സോടെ പ്രവർത്തിക്കുമ്പോഴും വ്യക്തികളുടെ ഇടപെടലുകൾ ഉണ്ടാക്കുന്ന ഒറ്റപെട്ട സംഭവങ്ങൾ ഈ സമയത്തും എക്കാലത്തെയും പോലെ ഉണ്ടാകുന്നുണ്ട്, എന്നിരുന്നാലും ഒന്നോ രണ്ടോ തുള്ളി മഷി വീണെന്നു കരുതി സമുദ്രത്തിന്റെയാകെ നിറം മാറില്ലല്ലോ !

ലോകത്തിനു കൊച്ചുകേരളം മാതൃക കാട്ടുമ്പോൾ സ്തുത്യർഹമായ സേവനത്തിലൂടെ ചരിത്രത്തിലെ ഏറ്റവും നല്ല അദ്ധ്യായങ്ങളിൽ ഒന്ന് രചിക്കുകയാണ് കേരള പോലീസും.



**അഭിജിത്**
**(അമ്പലത്തറ)**

*അതിജീവനത്തിന്റെ*
*അക്ഷരം*

SFI ചാല ഏരിയ കമ്മിറ്റി

# Flag Bearers of Solidarity and Internationalism

Since 1960, socialist Cuba has sent more than 400,000 doctors and nurses to more than 164 countries to share their medical expertise. Internationalism has been a part of the Cuban Revolution since its earliest days. As far back as 1960 , Cuba sent doctors to Valdivia in Chile after an earthquake killed thousands of people.

Cuba's health system is world-famous for its efficiency. Cuba has more doctors per head of population than any other country in the world, and ranks higher than most developed countries on life expectancy and infant mortality. Cuba's health system concentrates on preventive care, with doctors and nurses living among their patients.

Literally from cradle to grave, Cubans do not pay a cent for health services. This has meant that Cuba's biggest export , ahead of tourism, is now its thriving biotechnology industry, which has developed lung cancer vaccines and eliminated mother-child HIV transmission. This is all despite the illegal blockade against Cuba.

Cuba has always taken the approach that it is willing to provide assistance to the people of any country, regardless of its relations with their government. Whether it was the right-wing Somoza dictatorship in Nicaragua after the 1972 earthquake or the socialist government in Angola, Cuba has always been prepared to help the people of any country, even when their governments do not reciprocate. After Hurricane Katrina, Cuba even offered assistance to the US government. ( But it was refused by them)

അതിജീവനത്തിന്റെ
അക്ഷരം

It would take far too long to list every example of Cuba's internationalist missions. An important example was the mission in Angola, where the MPLA were fighting for liberation against Western-backed mercenaries and apartheid South Africa. Cuba provided not just medical volunteers, teachers and construction workers but also internationalist combatants, more than 2,000 of whom would be killed.

After the Chernobyl incident Cuba took in 26,000 people, the great majority of them children, and gave them free health services, education, and shelter, even after the end of the Soviet Union.

The Latin American School of Medicine trains medical personnel from all over the world, the majority from poor backgrounds, including black Americans, who would not be able to get a medical education in their own country. All the state asks in return is that the qualified doctors go back to their own communities and provide medical care for those who need it, as opposed to who can pay the most.

When Hugo Chavez became president of Venezuela, 70 per cent of the people lacked regular medical care. As part of the health policies of the Bolivarian Revolution, tens of thousands of Cuban health workers poured into the poor barrios of Venezuela. They were nicknamed the "army of white coats." Of note was Operation Miracle, which allowed blind Venezuelans to travel to Cuba for surgery.

The Cuban medical brigade is named the Henry Reeve Contingent, after an American who fought in Cuba's first War of Independence against Spain. Their expertise is in working in disaster zones and areas affected by serious epidemics. Since its founding in 2005 they have served in Guatemala, Pakistan, Bolivia, Ecuador, East Timor, Brazil, and other countries, as well as Hait after the disastrous earthquake in 2010.

Just as it did after the Ebola outbreak in 2014, when it was the first to respond to the World Health Organization's appeal for medical aid, Cuba has responded to the covid19- pandemic with absolute selflessness. The image of Cuban medics arriving in Rome will prove more powerful than any propaganda from the United States. The potential of Cuba's Interferon2-B drug in treating patients only goes to show the inhumanity of the blockade on the world, not just on Cuba.

Cuba's medical internationalism is the direct product of its Revolution and its socialist ethos. During the Revolution the guerillas built support among the peasants by establishing medical clinics and schools. This has been expanded to the point where Cuba is now in a position to share its resources with the oppressed of the world; and now one in every ten Cubans has served in an internationalist mission. This is an achievement not just for Cuba but for every Marxist-Leninist, an example of what we can achieve when we put our ideology into practice.

The insight of Dr Ernesto Che Guevara, that the most important quality for a revolutionary to possess is the love of humanity, could not be better exemplified than by the Henry Reeve Contingent. It is a reminder that there is a better world, an alternative to the misery and poison of capitalism. Cuban medical graduates swear an oath "to serve the revolution unconditionally wherever we are needed, with the premise that true medicine is not that which cures but that which prevents, whether in an isolated community on our island or in any sister country in the world, where we will always be the standard-bearers of solidarity and internationalism."

**ജോൺ വില്യംസ്**
**(റിസർച്ച് സ്കോളർ കേരളം യൂണിവേഴ്സിറ്റി)**

അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി

# ലോക്ക് ഡൗൺ കാലത്തെ സാംസ്കാരിക രാഷ്ട്രീയം

ഒരു മഹാമാരി എങ്ങിനെയാണ് ലോകത്തിന്റെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ബലാബലങ്ങളെ അടിമുടി അട്ടിമറിച്ച് അപരിചിതങ്ങളായ ശീലങ്ങളിലേയ്ക്ക് പൊതുസമൂഹത്തെയാകെ പറിച്ചു നട്ടുക എന്നതിന്റെ ജീവനുള്ള ഉദാഹരണമാണ് കോവിഡ് 19. ഭാഷ, അംഗവിക്ഷേപങ്ങൾ തുടങ്ങി ആശയവിനിമയത്തിന്റെ അടിസ്ഥാന സംവേദന മാധ്യമങ്ങളേയും പ്രാഥമിക തത്വങ്ങളേയുമെല്ലാം സമ്പർക്കത്തിലൂടെ വ്യാപനം സാധ്യമാക്കുന്ന കൊറോണാ വൈറസ് ഛിന്നഭിന്നമാക്കി. ശബ്ദത്തിനും ഭാവത്തിനും മേൽ ഫേസ് മാസ്ക്കുകൾ നിർബന്ധം ഇടം പിടിച്ചു. ഹസ്തദാനത്തിനും ആലിംഗനത്തിനും സ്വയം സന്നദ്ധമായ വിലക്കുകൾ വന്നു. സ്പർശങ്ങൾക്കു മേൽ സാനിറ്ററയ്സറും സോപ്പുലായനിയും ചട്ടുലവേഗത്തിൽ ഒഴുകിച്ചേർന്നു . വെട്ടിപ്പിടുത്തങ്ങളുടേയും സാമ്പത്തിക അധിനിവേശങ്ങളുടേയും സവിശേഷാധികാരക്രമങ്ങളിൽ അപരിഹാര്യമായ വിള്ളലുകൾ വീണു. അമേരിയ്ക്ക അടക്കമുള്ള വികസിത മുതലാളിത്ത രാജ്യങ്ങളിലെ ഊതിവീർപ്പിച്ച പൊതുജനാരോഗ്യ മാതൃകകൾ കോവിഡ് 19 നെ പ്രതിരോധിയ്ക്കാനാകാതെ നിസഹായമായി. വയോജനങ്ങളെ മരണത്തിനെറിഞ്ഞ് സാമ്രാജത്വം തനിനിറം കാട്ടി. ആരോഗ്യ ഇഷ്വറൻസ് പദ്ധതികൾ വെറും നോക്കുകുത്തികളായി. ലോകത്തെ കോവിഡ് 19 ബാധിത മരണ നിരക്കുകളിൽ ഒന്നാമതായി അമേരിക്കൻ ഐക്യനാട്ടുകൾ മാറി.

*അതിജീവനത്തിന്റെ അക്ഷരം*

SFI ചാല ഏരിയ കമ്മിറ്റി

രോഗവ്യാപനത്തിന്റെ ഇന്ത്യൻ സാഹചര്യങ്ങളിൽ വിശേഷിച്ചൊരു തയ്യാറെടുപ്പോ മുന്നറിയിപ്പോ ഇല്ലാതെ കേന്ദ്ര സർക്കാർ രാജ്യമാകെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചു. നിരാലംബരും നിരാശ്രയരുമായ ഇന്ത്യൻ ജനസാമാന്യം രാജ്യത്തിനുള്ളിൽ തന്നെ അഭ്യാർത്ഥികളായി. പ്രതിരോധ വാക്സിൻ ഇനിയും കണ്ടെത്താത്ത രോഗത്തെ കിണ്ണം കൊട്ടൽ ദീപം തെളിയ്ക്കൽ തുടങ്ങിയ അശാസ്ത്രീയ കെട്ടുകാഴ്ചകളുമായി പ്രതിരോധിയ്ക്കാൻ ആഹ്വാനം ചെയ്ത പ്രധാനമന്ത്രി തത്വത്തിൽ ജനസാമാന്യത്തെ അപ്പാടെ ഇരുട്ടിൽ നിർത്തി.

സാംസ്കാരിക രംഗത്തെ ഉദാരവത്ക്കരണത്തിനെതിരായ സാംസ്കാരിക രാഷ്ട്രീയം ശക്തിപ്പെടുന്നതിന് കോവിഡ് 19 പശ്ചാത്തലത്തിലെ ബദൽ ആശയവിനിമയ മാർഗ്ഗമായ ഡിജിറ്റൽ മാധ്യമങ്ങൾ സുപ്രധാന പങ്കാണ് വഹിച്ചത്. ഇന്റർ നെറ്റിന്റെ ജനാധിപത്യവത്ക്കരണം എവിടെയാണോ അവിടെത്തന്നെയിരുന്ന് അണുവിന്റെ കണ്ണിമുറിയ്ക്കുന്ന #BreaktheChain #LockDown കാലഘട്ടത്തെ അർത്ഥപൂർണ്ണമാക്കുന്നതിൽ ചെറുതല്ലാത്ത പങ്കുവഹിച്ചു. കേരളത്തിൽ എസ്.എഫ്.ഐ സംസ്ഥാന കമ്മിറ്റിയുടെ ഫേസ് ബുക്ക് പേജിലൂടെ പ്രതിദിനമെന്നോണം നിരവധിയായ കലാപ്രവർത്തകരാണ് തങ്ങളുടെ പ്രതിഭ ഇടതടവില്ലാതെ കൊറോണക്കാലത്തെ സാംസ്കാരിക അതിജീവനത്തിനായി പ്രയോജനപ്പെടുത്തിയത്.

*അതിജീവനത്തിന്റെ*

*അക്ഷരം*

ഡി വൈ എഫ് ഐ, പുരോഗമന കലാസാഹിത്യ സംഘം,ബാലസംഘം തുടങ്ങി വിവിധ സംഘടനകളും സമാനമായ സാംസ്കാരിക ഇടപെടലുകളിലൂടെ അരക്ഷിത സാഹചര്യങ്ങളെ ക്രിയാത്മകമാക്കി. വിവിധ സർവ്വകലാശാലാ യൂണിയനുകൾ ഡിജിറ്റൽ മാധ്യമങ്ങളിലൂടെ കലോത്സവങ്ങളും മത്സരങ്ങളും നടത്തി നടപ്പ ശീലങ്ങളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ഏ കെ ജി സി റ്റി, ഏ കെ പി സി റ്റി ഏ അടക്കമുള്ള അധ്യാപക സംഘടനകൾ നഷ്ടപ്പെടുന്ന അധ്യയന ദിവസങ്ങൾ ക്രമീകരിയ്ക്കുന്നതിനായി ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിച്ചു. സി. പി. ഐ (എം) അടക്കമുള്ള രാഷ്ട്രീയ നേതൃത്വം ഡിജിറ്റൽ മാധ്യമങ്ങളിലൂടെ ആശയസംവാദനം ശക്തിപ്പെടുത്തി. കല, സാഹിത്യം, സിനിമ അടക്കമുള്ള മേഖലകളിൽ സജീവവും സമാന്തരവുമായൊരു സാംസ്കാരിക ശാഖ ഉയർന്നുവന്നു. ഡിജിറ്റൽ വായന ശക്തിപ്പെട്ടു. ലിംഗഭേദമെന്യേ സർവ്വ സാധാരണക്കാരായ മനുഷ്യരുടെ പ്രതിഭ അഴിച്ചുവിട്ട കുതിരകളെപ്പോലെ ഡിജിറ്റൽ ഇടങ്ങളിൽ കുതിച്ചു നടന്നു. പാട്ടും, നൃത്തവും, കവിതയും, വാദ്യോപകരണ സംഗീതവും,നർമ്മവുമെല്ലാം അതിലിടം പിടിച്ചു. അങ്ങനെ ഫ്യൂഡൽ മുതലാളിത്ത സൗന്ദര്യ സൃഷ്ടികൾ അപ്പാടെ ചോദ്യം ചെയ്യപ്പെട്ടു. സവിശേഷാധികാരികളായ ന്യൂന പക്ഷത്തിന്റെ ആനന്ദമാർഗ്ഗങ്ങൾ മാത്രായിരുന്ന കലയും സാഹിത്യവും ലോക്ക് ഡൗൺ കാലയളവിൽ പൊതുഇടങ്ങളായി മാറി. ഉള്ളടക്കങ്ങളിലെ പൈങ്കിളി പാശ്ചാത്യഅനുകൂല സ്ത്രീ വിരുദ്ധ കമ്യൂണിസ്റ്റ് വിരുദ്ധ പ്രൊപ്പഗണ്ടകൾക്കു പകരം മതനിരപേക്ഷത, ജനാധിപത്യം, ബഹുസ്വരത,ശാസ്ത്ര ബോധം, യുക്തിചിന്ത എന്നിവ അടിസ്ഥാനമാകുന്ന കലാരൂപങ്ങൾക്ക് മേൽക്കൈ നേടാനായി. ആ നിലയിൽ ലോക്ക് ഡൗൺ കാലത്തെ ഡിജിറ്റൽ മാധ്യമങ്ങളിലെ സാംസ്കാരിക രാഷ്ട്രീയ നിർമ്മിതി

അതിജീവനത്തിന്റെ

അക്ഷരം

എക്കാലവും സവിശേഷ പഠനവും ശ്രദ്ധയും ആവശ്യപ്പെട്ടുന്നുണ്ട്.

പകര്ച്ചവ്യാധികള്, ജീവിത ശൈലീ രോഗങ്ങള്, ഉയര്ന്ന ചികിത്സാച്ചിലവ് വേണ്ടിവരുന്ന ചില അപൂര്വ്വ രോഗങ്ങള് പ്രശ്നങ്ങളായി കണ്ട് ആരോഗ്യ ജാഗ്രത ക്യാംപെയ്ന്, അമൃതം ആരോഗ്യം പദ്ധതി എന്നിവകളിലൂടെ അതിജീവിയ്ക്കാന് ആരോഗ്യവകുപ്പിന്റെ പ്രത്യേക പരിശ്രമം പുരോഗമിയ്ക്കുന്ന സന്ദര്ഭത്തിലാണ് കേരളത്തിൽ കോവിഡ് 19 പൊട്ടിപ്പുറപ്പെട്ടുന്നത്. വികസിതമുതലാളിത്ത ചികിത്സയോ അനുബന്ധ സംവിധാനങ്ങളോ ഇല്ലാതെ നിസ്സഹായരാകുന്ന ആഗോള ആരോഗ്യ രാഷ്ട്രീയ സാഹചര്യത്തിലാണ് താരതമ്യേന കുറഞ്ഞ പ്രതിശീര്ഷ വരുമാനമുള്ള കേരളം മരണ നിരക്ക് ഏറ്റവും കുറച്ച് കോവിഡ് 19 പ്രതിരോധത്തിന്റെ ആഗോള ചാമ്പ്യന്മാരാകുന്നത്.രോഗപ്രതിരോധത്തിലൂന്നിയ ആരോഗ്യ പരിപാലന നടപടികള് ശക്തിപ്പെട്ടുത്തുക എന്നതാണ് സംസ്ഥാന സര്ക്കാരിന്റെ ആരോഗ്യ നയം. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങള് ശക്തിപ്പെട്ടുത്തുകയും പൊതുജനാരോഗ്യമേഖല ആധുനികവത്ക്കരിയ്ക്കുകയും രോഗീ സൗഹൃദമാക്കുകയും ചെയ്തതിന്റെ ഭാഗമായാണ് ആരോഗ്യ രംഗത്ത് വലിയ മാറ്റമുണ്ടായത്. ഇതിന്റെ ഭാഗമായി നിപ്പ അടക്കമുള്ള പകര്ച്ച വ്യാധികളേയും പ്രളയാനന്തരം പൊട്ടിപ്പുറപ്പെടാന ് സാധ്യതയുണ്ടായിരുന്ന നിരവധിയായ പകര്ച്ചവ്യാധികളേയും തട്ടുത്തുനിര്ത്തുവാൻ കേരളത്തിനായി

അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി

ആരോഗ്യമേഖലയുടെ സ്വകാര്യവത്ക്കരണവും വാണിജ്യവത്ക്കരണവും ചെറുത്ത് ആരോഗ്യ പൊതുമേഖലാ സംവിധാനത്തെ അടിമുടി ശക്തിപ്പെടുത്തി ആധുനികവത്ക്കരിയ്ക്കുന്നതില് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സര്ക്കാര് സംഘടിപ്പിയ്ക്കുന്ന പ്രതിജ്ഞാബദ്ധമായ ഇടപെടലുകളാണ് താരതമ്യങ്ങളില്ലാത്ത കോവിഡ് 19 അതീവനങ്ങളുടെ അടിസ്ഥാനം. അതിനാവശ്യമായ നേതൃത്വം നല്കുന്ന മുഖ്യമന്ത്രി പിണറായി വിജയന്, ആരോഗ്യ വകുപ്പ് മന്ത്രി കെ ശൈലജ ടീച്ചര് ജീവന് തൃണവത്ക്കരിച്ച് അത്വാദ്ധ്വാനം ചെയ്യുന്ന ഡോക്ടര്മാര്, പോലീസും അവാന്തര വിഭാഗങ്ങളും, അറ്റെന്റര്മാര്, ആംബുലന്സ് ഡ്രൈവര്മാര്, സുരക്ഷാ ജീവനക്കാര് , പാരാമെഡിക്കല് മേഖലയില് പ്രവര്ത്തിയ്ക്കുന്നവര്, ഫാര്മസിസ്റ്റുകള്, ആശാ വര്ക്കര്മാര്, സന്നദ്ധ പ്രവര്ത്തകര്, ജനപ്രതിനിധികള്, ഐസൊലേഷനില് കഴിയുന്നവരുടെ ബന്ധുമിത്രാദികള്, സ്വയം home quarantine തിരഞ്ഞെടുത്തവര്, ആരോഗ്യ പ്രവര്ത്തകര്, യുവജന – വിദ്യാര്ത്ഥി – സന്നദ്ധ സംഘടനകള് തുടങ്ങി സംസ്ഥാന ഗവണ്മെന്റിന്റെ കോവിഡ് 19 പ്രതിരോധങ്ങളുടെ മുന്നണിപ്പോരാളികളൊന്നാകെ കലവറയില്ലാത്ത അഭിനന്ദനമർഹിയ്ക്കുന്നു. സൂചിതരുടെ നിശ്ചയദാര്ഢ്യവും ത്യാഗസന്നദ്ധതയുമാണ് രോഗത്തിന്റെ സാമൂഹിക വ്യാപനം തടയുന്നതിനുള്ള കേരളത്തിന്റെ തനത് പ്രതിരോധ വാക്സിന്.

തുടരാം ജാഗ്രത;
പടരാം, ആയുരാരോഗ്യം,
അണു മേല്,
അണിമുറിഞ്ഞണിമുറിഞ്ഞതിവേഗം ..

**കെ ജി സൂരജ്**
**തിരുവനന്തപുരം**

*അതിജീവനത്തിന്റെ*
*അക്ഷരം*



Farzana Nazreen
vembayam



Jishan Jiji
Changanacherry,
Kottayam dist



Misba Nibas
KMEAcollege of engineering
Edathala, Ernakulam




Aravind Chandran
kakkamoola, tvpm



Jasira jasmin·
Ernakulam


Aravind Chandran
kakkamoola, TVPM






Famidha
M A college kothamangalam
Ernakulam

Famidha
M A college
kothamangalam
Ernakulam




അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി




Achal Santh M R
Wayyanad

അതിജീവനത്തിന്റെ
അക്ഷരം

SFI ചാല ഏരിയ കമ്മിറ്റി



Nilin K Gijo
MarAthanasius
college of arts
and science

Nilin K Gijo
MarAthanasius
college of arts
and science



അതിജീവനത്തിന്റെ
അക്ഷരം




Arya B R
Carmel higher secondary school vazhuthacaud



Anjana baby
National college

SFI ചാല ഏരിയ കമ്മിറ്റി




Priyanka
TVPM

അതിജീവനത്തിന്റെ
അക്ഷരം



Gayathri
National college

ലോക് ഡൗൺ പ്രഖ്യാപിച്ച ആദ്യഘട്ടത്തിൽ
വഴിയോരങ്ങളിൽ ഒറ്റപ്പെട്ടുപോയവർക്ക്
എസ് എഫ് ഐ ചാല ഏരിയ കമ്മിറ്റിയുടെ
നേതൃത്വത്തിൽ പൊതിച്ചോറ് നൽകുകയുണ്ടായി





കൊറോണയുടെ പശ്ചാത്തലത്തിൽ
ഈസ്റ്റ് ഫോർട്ട് ബസ് സ്റ്റാൻഡും
പരിസരവും, ബസ്സുകളും
അണുവിമുക്തമാക്കി

150 ഓളം വീടുകൾ
എസ് എഫ് ഐ ഏരിയ
കമ്മിറ്റിയുടെ നേതൃത്വത്തിൽ
ഭക്ഷ്യധാന്യ കിറ്റ് എത്തിച്ചു
നൽകി





സംസ്ഥാനത്തെ ബ്ലഡ് ബാങ്ക്
പ്രതിസന്ധി പരിഹരിക്കാനായി
എസ്‌എഫ്‌ഐ ചാല ഏരിയ
കമ്മിറ്റിയുടെ നേതൃത്വത്തിൽ
തിരുവനന്തപുരം മെഡിക്കൽ
കോളേജിൽ രക്തദാനം നടത്തി

വഴിയോരങ്ങളിൽ ഒറ്റപ്പെട്ടുപോയ
വർക്ക് എസ്‌എഫ്‌ഐ ചാല
ഏരിയ കമ്മിറ്റി പുതപ്പ് വിതരണം
ചെയ്യുകയുണ്ടായി





ഫോർട്ട് പോലീസ് സ്റ്റേഷനിൽ
എസ്‌എഫ്‌ഐ ചാല ഏരിയ കമ്മിറ്റിയുടെ
നേതൃത്വത്തിൽ മാസ്കും സാനിറ്റൈസറുകളും
നൽകി

സിപിഐഎം ചാല ലോക്കൽ കമ്മിറ്റി സംഘടിപ്പിച്ച സന്നദ്ധ കിച്ചണിന്റെപ്രവർത്തനത്തിലേക്ക് SFI ചാല ഏര്യാ കമ്മിറ്റി ഒരു ചാക്ക് അരി നൽകി






ബ്രേക്ക്  ദി  ചെയിന്റെ ഭാഗമായി എസ് എഫ് ഐ ചാല ഏരിയ കമ്മിറ്റി Hand wash challenge സംഘടിപ്പിച്ചപ്പോൾ

SFI ചാല ഏരിയ കമ്മിറ്റി





കൊറോണക്കെതിരെ
ഐസൊലേഷൻ വാർഡിൽ 14
ദിവസത്തെ ജോലി
ചെയ്ത ശേഷം വീട്ടിലേക്ക് മടങ്ങവെ
അപകടത്തിൽ മരണപ്പെട്ട
#ആഷിഫിന്_ആദരാഞ്ജലികൾ

അതിജീവനത്തിന്റെ
അക്ഷരം